2015 ജൂൺ 25
വാല്യം 08
ലക്കം 12

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# സുവിശേഷ വിരോധികൾ അഴിഞ്ഞാടി

## പാസ്റ്റർമാർക്കും വിശ്വാസികൾക്കും ക്രൂരമർദ്ദനം



**ആറ്റിങ്ങൽ:** സഭായോഗത്തിനിടെ ഇരച്ചുകയറിയ സുവിശേഷവിരോധികളുടെ ക്രിമിനൽ സംഘം ശുശ്രൂഷകന്മാരെയും വിശ്വാസികളെയും ക്രൂരമായി മർദ്ദിച്ചു. കഴിഞ്ഞ 14-ാം തീയതി തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിൽ മുനിസിപ്പാലിറ്റിയുടെ ലൈബ്രറി ഹാളിൽ നടന്നുകൊണ്ടിരുന്ന റീച്ച് ഇൻ ദ വേൾഡ് വിത്ത് ലവ് മിനിസ്ട്രീസ് എന്ന പ്രാർത്ഥനാഗ്രൂപ്പിനുനേരെയായിരുന്നു ആക്രമണം അഴിച്ചുവിട്ടത്. ആക്രമണത്തിൽ കുട്ടികളും സ്ത്രീകളുമടക്കം നിരവധി പേർക്ക് പരിക്കേറ്റു. പാസ്റ്റർ സിജു ഗണേശൻ, പാസ്റ്റർ സാം തുടങ്ങിയവർക്ക് പരിക്കേറ്റവർ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി.

സംഗീത ഉപകരണങ്ങളും കർത്തൃമേശയ്ക്കുവേണ്ടി തയ്യാറാക്കിയിരുന്ന അപ്പവീഞ്ഞുകളും അക്രമികൾ അടിച്ചുതകർത്തു. ആയുധങ്ങളുമായി എത്തിയ 40 അംഗസംഘമാണ് വിശ്വാസികളെ മർദ്ദിച്ചത്. നാലുവർഷമായി വാടകയ്ക്ക് എടുത്ത ഈ ഹാളിലാണ് പ്രാർത്ഥന നടന്നു കൊണ്ടിരുന്നത്. സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് കേസെടുക്കുകയും അഞ്ചുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, വി. എം. സുധീരൻ, പിണറായി വിജയൻ, ബി. സത്യൻ എം. എൽ. എ, സി. പി. ജോൺ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചു. വിവിധ പെന്തെക്കോസ്ത് സംഘടനകൾ സംഭവത്തിൽ പ്രതിഷേധിച്ചു. പ്രസ്തുത സംഭവത്തിൽ സഭാനേതൃത്വം പുലർത്തുന്ന നിസംഗതയിൽ വിശ്വാസിസമൂഹം അമർഷം രേഖപ്പെടുത്തി.

# ശ്മശാന നിർമ്മാണത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി മതിയെന്ന് ന്യൂനപക്ഷ കമ്മീഷൻ

**കൊച്ചി:** ശ്മശാനങ്ങൾ സ്ഥാപിക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി മതിയെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ. ഇതു സംബന്ധിച്ച ശുപാർശ സർക്കാരിന് നൽകുമെന്നും കൊച്ചിയിൽ നടത്തിയ സിറ്റിംഗിൽ കമ്മീഷൻ വ്യക്തമാക്കി. ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളുടെ മൃതദേഹം സംസ്ക്കാരിക്കാൻ സ്ഥലം ഒരുക്കുന്നതിന് അനുമതി ലഭിക്കാത്തത് സംബന്ധിച്ച പരാതികളിലാണ് ഈ നിർദ്ദേശം.

ശ്മശാനത്തിന് പഞ്ചായത്തുകൾവഴി അനുമതി ലഭിച്ച ശേഷം ആരോഗ്യ വകുപ്പ് സാക്ഷ്യപ്പെടുത്തി കളക്ടറുടെ തീരുമാനത്തിന് സമർപ്പിക്കുന്നതാണ് നിലവിലെ രീതി. പലപ്പോഴും ഇതിൽ ക്രമസമാധാന പ്രശ്നം ചൂണ്ടിക്കാട്ടി അപേക്ഷ നിരസിക്കാറുണ്ട്.

പാരിസ്ഥിതികമോ ആരോഗ്യപരമോ ആയ പ്രശ്നങ്ങളില്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുതന്നെ അനുമതി നൽകാൻ നിയമമുണ്ടാകണം. ഇതിനായി കമ്മീഷൻ ശക്തമായി ഇടപെടുമെന്ന് ചെയർമാൻ അഡ്വ. എം വീരാൻകുട്ടി പറഞ്ഞു.

ചെയർമാൻ അഡ്വ. എം വീരാൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന സിറ്റിംഗിൽ അംഗങ്ങളായ അഡ്വ. വി.വി. ജോഷി, അഡ്വ. കെ.പി. മറിയുമ്മ എന്നിവരും പങ്കെടുത്തു. അടുത്ത സിറ്റിംഗ് ജൂലൈ 30 ന് നടക്കും.

# ചർച്ച് ഓഫ് ഗോഡ് ഫാമിലി കോൺഫറൻസ്

## ജൂലൈ 9 മുതൽ 12 വരെ



**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ ഇരുപതാമത് ഫാമിലി കോൺഫറൻസ് 2015 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട്ട് സ്റ്റാംഫോർഡ് ഹിൽട്ടൺ ഹോട്ടലിൽ വെച്ച് നടക്കും. റവ. റൂഡി ബോണ്ട്, ബിഷപ്പ് ആൻഡ്രൂ ബിൻഡ, പാസ്റ്റർ ക്രിസ്ഡർസോ, പാസ്റ്റർ ഒമർ ജോർജ്ജ് എന്നിവരാണ് ഈ പ്രാവിശ്യത്തെ കോൺഫ്രസിന്റെ മുഖ്യ പ്രസംഗകർ. "ഇതാ ഞാൻ വേഗം വരുന്നു" എന്നതാണ് ചിന്താവിഷയം. പാസ്റ്റർ മോനി മാത്യു, ന്യൂയോർക്ക് (നാഷണൽ പ്രസിഡന്റ്), പാസ്റ്റർ രാജൻ സ്ക്കറിയ, ന്യൂജേഴ്സി (വൈസ് പ്രസിഡന്റ്), ബ്രദർ വർഗീസ് വർഗീസ്, ഡാളസ് (ട്രഷറർ), പാസ്റ്റർ സ്റ്റാൻലി ജോർജ്ജ്, ഫിലാദൽഫിയ (യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ നാഷണൽ കമ്മറ്റിയും പാസ്റ്റർമാരായ എ. എം. വർഗീസ്,

05

# ഈ വിജയം തുഷാറിനും ബ്ലസ് ഫൗണ്ടേഷനും ഇരട്ടി മധുരം

സ്റ്റാൻലി സാം, മുംബൈ



മുംബൈയിലെ കുർള സ്വദേശിയായ തുഷാറിന് മാതാപിതാക്കളെ തന്റെ ബാല്യത്തിൽ തന്നെ നഷ്ടപ്പെട്ടു. മാതൃസഹോദരിയുടെ ഭവനത്തിൽ താമസിക്കുവാൻ സൗകര്യം കിട്ടിയെങ്കിലും പഠനം ഉപേക്ഷിക്കേണ്ടി വന്നു. 3 വർഷങ്ങൾ സ്കൂളിൽ പോകാതെ കഴിഞ്ഞ തുഷാറിനെ ശാരീരിക ക്ഷീണവും രോഗങ്ങളും അലട്ടി കൊണ്ടിരുന്നു. മുംബൈയിലെ ഒരു സന്നദ്ധ സംഘടനയാണ് തുഷാറിനെ ബ്ലെസ്സ് കെയർ ഹോമിലെത്തിച്ചത്. സ്കൂൾ പഠനത്തിനായി വീണ്ടും അവസരം ലഭിച്ച തുഷാർ സന്തോഷവനായി മാറി. രോഗത്തിന്റെ പ്രയാസം തന്നെ പലപ്പോഴും അലട്ടി. സ്കൂളിൽ പോകുവാൻ പോലും കഴിയാതെ ഭാരപ്പെട്ടപ്പോൾ ബ്ലെസ്സ് ഫെലോഷിപ്പിലെ വിശ്വാസികളും പാസ്റ്റർ റെജി തോമസും പ്രാർത്ഥനാ പിൻബലവും ധൈര്യവും പകർന്ന് തുഷാറിനെ പ്രോത്സാഹിപ്പിച്ചു. പത്താം ക്ലാസ്സ് പരീക്ഷയിൽ നല്ല വിജയം കരസ്ഥമാക്കിയ തുഷാർ ഉപരിപഠനത്തിനുള്ള ഒരുക്കത്തിലാണ്.

മുംബൈയിലെ പൻവേൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബ്ലസ്സ് ഫൗണ്ടേഷൻ 20ലധികം കുഞ്ഞുങ്ങൾക്ക് അഭയകേന്ദ്രമാണ്. എയ്ഡ്സ് ബാധിതരായി മരിച്ചവരുടെയും ആരുമില്ലാത്തവരുടെയും കുഞ്ഞുങ്ങൾക്കുള്ള സങ്കേതമാണ് ഈ കെയർ ഹോം.

പാസ്റ്റർ റെജി തോമസ്, ഫോൺ: 09594952722

## സാക്ഷി



"പെന്തെക്കോസ്തു കാർക്കെതിരെ പീഡനം വർദ്ധിക്കുന്നു"

*നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡികമല്ല*

# എ.ജി കോൺഫറൻസിനു ഒരുക്കങ്ങൾ പൂർത്തിയായി

## ജൂലൈ 16 മുതൽ 19 വരെ



പാസ്റ്റർ ജോർജ്ജ് കെ സ്റ്റീഫൻസൺ



പാസ്റ്റർ കുര്യൻ സാമുവേൽ



ഫിലിപ്പ് ഡാനിയേൽ

**ചിക്കാഗോ:** ലോകപ്രശസ്തമായ പ്രസംഗകൻ ഡി.എൽ. മൂഡിയുടെ നാട്ടിലാണ് അമേരിക്കയിലെ മലയാളി അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ 19-ാമത് ഫാമിലി കോൺഫറൻസ് നടക്കുന്നത്. ജൂലൈ 16 - 19 വരെ ലംബാർഡിലെ കോർക്ക് ടൗൺ സെന്ററിലെ ദി വെസ്റ്റിൻ ഹോട്ടലാണ് സമ്മേളന വേദി.

ഏ.ജി. അസിസ്റ്റന്റ് സൂപ്രണ്ട് റവ. ഓൾട്ടൺ ഗാരിസൺ, റവ. ഫിൽമെയ്ഡർ, ഇവാ. റാൻബി റോസ്, ഡോ. വി.ജെ. സാംകുട്ടി, ഡോ.റ്റി.പി. വർഗീസ്, പാസ്റ്റർ ജെയിംസ് എം പോൾ, ഡോ. ശാലിനി പള്ളിൽ എന്നിവരാണ് മുഖ്യ പ്രസംഗകർ. ഇമ്മാനുവേൽ ഹെൻട്രിയുടെ നേതൃത്വത്തിൽ പ്രശസ്ത ഗായകർ ഗാനങ്ങൾ ആലപിക്കും. 'ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ' എന്നതാണ് ചിന്താ വിഷയം.

പാസ്റ്റർ ജോർജ്ജ് കെ. സ്റ്റീഫൻസൺ (പ്രസിഡന്റ്), പാസ്റ്റർ കുര്യൻ സാമുവേൽ (വൈസ് പ്രസിഡന്റ്), ഫിലിപ്പ് ഡാനിയേൽ (സെക്രട്ടറി), ജോർജ്ജ് മത്തായി (ജോയിന്റ് സെക്രട്ടറി), സാബു യോഹന്നാൻ (ട്രഷറാർ), ആഷിഷ് ജേക്കബ് (യൂത്ത് കോർഡിനേറ്റർ) എന്നിവർ കോൺഫറൻസിന് നേതൃത്വം നല്കും.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# പെന്തെക്കോസ്തുകാരും ഭാരതീയർ തന്നെ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ക്രിസ്ത്യാനിക്കൾക്കെതിരെ, പ്രത്യേകിച്ച് പെന്തെക്കോസ്തുകാർക്കെതിരെ കഠിനമായ പീഡനമാണ് പലയിടങ്ങളിലും ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ ദിവസം ആറ്റിങ്ങലിൽ ഉണ്ടായ സംഭവം വളരെ വേദനാജനകമാണ്. ഞായറാഴ്ച ആരാധിച്ചുകൊണ്ടിരുന്ന വിശ്വാസികളുടെ ഇടയിലേക്ക് ആയുധങ്ങളുമായി എത്തിയ വർഗ്ഗീയ വാദികൾ അവരെ തല്ലിച്ചതയ്ക്കുകയായിരുന്നു. മൈക്കും സംഗീത ഉപകരണങ്ങളും സ്റ്റേജുമെല്ലാം നശിപ്പിച്ച അവർ യാതൊരു ദയയും ഇല്ലാതെ വിശ്വാസികളെ മർദ്ദിക്കുകയും ചെയ്തു. ഇത് ഒരു ഒറ്റപ്പെട്ട സംഭവം മാത്രമല്ല. കേരളത്തിൽ അങ്ങോളമിങ്ങോളം പെന്തെക്കോസ്തുകാരെ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന അജണ്ടയുടെ ഭാഗമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നിയമപരമായി എല്ലാകാര്യങ്ങളും ചെയ്തിട്ടുപോലും ആരാധനാലയം പണിയുന്നത് തടസ്സപ്പെടുത്തുന്നുവെന്ന റിപ്പോർട്ട് പല ഭാഗത്തുനിന്നും വരുന്നുണ്ട്.

പെന്തെക്കോസ്തുകാർ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെട്ടവരല്ല. എല്ലാവരും ഭാരതത്തിൽ ജനിച്ചുവളർന്ന ഭാരതമക്കൾ തന്നെയാണ്. ഒരു സമൂഹം എന്ന നിലയിൽ മറ്റ് ഏതു സമൂഹത്തെക്കാളും നിയമം അനുസരിക്കുന്നവരും രാജ്യസ്നേഹികളുമാണ് പെന്തെക്കോസ്തുകാർ. എല്ലാ ദിവസവും ഭാരതത്തിലെ ഭരണകർത്താക്കൾക്കായി പ്രാർത്ഥിക്കുന്നവർ കൂടിയാണ് പെന്തെക്കോസ്തുകാർ. കാരണം രാജ്യത്തിന്റെ നിയമം അനുസരിക്കുകയും ഭരണകർത്താക്കൾക്കായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന വചനം അനുസരിക്കുന്നവരാണവർ. വിഘടന വാദികളോ തീവ്രവാദികളോ അല്ല. വിശ്വാസം സംബന്ധിച്ച് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ നിലപാടാണ് ഈ സമൂഹത്തിനുള്ളത്. അതിനു കാരണം ബൈബിൾ അനുശാസിക്കുന്നതുപോലെ ജീവിക്കുവാൻ പഠിപ്പിക്കുന്നതുകൊണ്ടാണ്. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യവിപത്തുകളിൽ നിന്ന് ഒഴിഞ്ഞിരിക്കണം എന്ന് പഠിപ്പിക്കുകയും അത് പാലിക്കുവാൻ നിഷ്കർഷിക്കുകയും ചെയ്യുന്ന സമൂഹമാണിത്. അവകാശങ്ങൾക്കു വേണ്ടി തെരുവിലിറങ്ങി പോരാടുന്നവരുടെ കൂട്ടത്തിൽ പെന്തെക്കോസ്തുകാരെ കാണ്മാൻ കഴിയില്ല. കാരണം പ്രാർത്ഥനയിൽ വിശ്വസിക്കുന്ന ഈ സമൂഹം മറ്റുള്ളവരെ സ്നേഹിക്കുവാനാണ് പഠിപ്പിക്കുന്നത്. കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന പ്രതികാര ചിന്തയല്ല. മറിച്ച് ശത്രുവിനെ സ്നേഹിക്കുവാനും ക്ഷമിക്കുവാനുമാണ് പെന്തെക്കോസ്തുകാർ പഠിപ്പിക്കുന്നത്. ആയുധവുമായി നേരിടുന്നവരെ തിരിച്ചടിക്കുവാൻ പെന്തെക്കോസ്തുകാർ ഒരിക്കലും ശ്രമിക്കില്ല. തങ്ങൾക്കെതിരെയുള്ള പീഡകൾ വർദ്ധിക്കുമ്പോൾ അതിനെതിരെ തെരുവിലിറങ്ങി സമരം ചെയ്യുകയോ കായികമായി നേരിടുകയോ ചെയ്യുവാൻ പെന്തെക്കോസ്തുകാർ തുനിയാറില്ല.

ഏത് മതത്തിൽ വിശ്വസിക്കുവാനും തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുവാനുമുള്ള അവകാശമാണ് ഭാരത ഭരണഘടന പൗരന്മാർക്ക് നൽകുന്നത്. പെന്തെക്കോസ്തുകാരും ഭാരത പൗരന്മാരാണ്. ഇവിടുത്തെ നിയമങ്ങൾ അനുസരിക്കുകയും അധികാരികൾക്ക് കീഴടങ്ങിയിരിക്കുകയും ചെയ്യുന്ന ഇക്കൂട്ടർക്കും ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങൾക്കും അർഹതയുണ്ട്.

തങ്ങളുടെ ഭരണത്തിൻ കീഴിലുള്ള ജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തേണ്ട ചുമതല തീർച്ചയായും ഭരണകർത്താക്കൾക്കുണ്ട്. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ കഴിഞ്ഞ കുറേ നാളുകളായി കേരളത്തിൽ നടക്കുന്ന ഇത്തരം അക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കുവാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. എല്ലാ ജനങ്ങൾക്കും ഒരുപോലെ സംരക്ഷണം നൽകേണ്ട ബാധ്യത സർക്കാരിനുണ്ട്. വർഗ്ഗീയ ശക്തികളുടെ ഇത്തരം സംഘടിത നീക്കങ്ങൾ തടയിടേണ്ടത് ഭരിക്കുന്നവരാണ്. തിരിച്ചടിക്കുകയില്ലെന്നും പ്രതികരിക്കുകയുമില്ലെന്നും ഉള്ള ധാരണയിലാണ് പലപ്പോഴും പെന്തെക്കോസ്തുകാരെ സർക്കാർ അവഗണിക്കുന്നത്. എന്നാൽ ഇലക്ഷൻ കാലത്തുമാത്രമാണ് രാഷ്ട്രീയ പാർട്ടികൾ പെന്തെക്കോസ്തുകാരെ അന്വേഷിക്കാറുള്ളത്.

കേരളം പോലെയുള്ളൊരു സംസ്ഥാനത്ത് ഒരിക്കലും നടക്കുവാൻ പാടില്ലാത്ത സംഭവമാണ് ആറ്റിങ്ങലിൽ നടന്നത്. തുടർച്ചയായ പീഡനങ്ങൾ നടക്കുമ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നും നീതിപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

## യുവജന പംക്തി

# പരാജയപ്പെട്ടാൽ വീണ്ടും അവസരം



ബിനു ജോസഫ്
വടശ്ശേരിക്കര



**എന്റെ വേദന, സഹജീവിയുടെയും....**

അതുവരെ വേദനയുടെ ആഴം ഞാൻ അറിഞ്ഞിരുന്നില്ല. ശാരീരിക വേദനയെക്കാൾ മാനസിക വേദന എന്നെ തകർത്തു. എന്നെപ്പോലെ ത്വക്കും മാംസവും ഉള്ളവരാണ് എന്റെ സഹജീവികൾ അവരുടെ വേദനയുടെ ആഴം മനസ്സിലാക്കുവാൻ എന്റെ അപകടം എന്നെ സഹായിച്ചു. "Standing in others shoe"എന്ന ഇംഗ്ലീഷ് പ്രയോഗത്തിന്റെ അർത്ഥം ഞാൻ ഗ്രഹിച്ചു. മറ്റുള്ളവരുടെ വേദനയുടെ സ്ഥാനത്തു നിന്നുകൊണ്ടു ചിന്തിക്കുവാൻ തുടങ്ങി. എന്റെ പ്രശ്നമാണു വലുതെന്ന് ആശുപത്രിയിൽ എത്തുന്നതു വരെ ഞാൻ കരുതി. എന്നാൽ അടുത്ത കിടക്കയിൽ കിടക്കുന്ന ഒരു പൊലീസുകാരനെ കണ്ടപ്പോൾ എന്റെ വേദന പകുതി കുറഞ്ഞു.

ഒരു ട്രെയിൻ അപകടത്തിൽ പെട്ട് രണ്ടു കാലുകളും മുട്ടു മുതൽ മുറിച്ചു കളഞ്ഞ ഒരു യൗവ്വനക്കാരൻ. എയ്ഡ്സ് രോഗം ബാധിച്ച മറ്റനേകർ. മറ്റു രോഗികളുമായി എന്റെ സ്ഥിതി താരതമ്യം ചെയ്തപ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചു. 'കർത്താവേ എന്റെ കാലിൽ ചതവും മുറിവും മാത്രമേ ഉള്ളല്ലോ. രണ്ടു കാലും നഷ്ടപ്പെട്ടവന്റെ അവസ്ഥ എത്ര ദുരിതപൂർണ്ണം!' അന്നു മുതൽ മറ്റുള്ളവരുടെ വേദനയുടെ ആഴം കുറച്ചെങ്കിലും മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. അപകടത്തിൽപെട്ടു സഹായത്തിനായി കാത്തു കിടക്കുന്നവൻ എന്തു ചിന്തിക്കുന്നു എന്നത് ഒരു പരിധി വരെ എനിക്ക് അറിയാൻ കഴിഞ്ഞു. അവന്റെ മാനസിക നില, ചോദ്യങ്ങൾ, തകർന്ന പ്രതീക്ഷകൾ എല്ലാം വായിച്ചെടുക്കുവാനും ഒപ്പം ആശ്വസിപ്പിക്കുവാനും ഇന്നെനിക്കു സാധിക്കും. കാരണം ഞാൻ ആ പ്രതിസന്ധിയിൽ കൂടി കടന്നു പോയ വ്യക്തിയാണ്. പ്രതീക്ഷകളും വാക്കുകളിലൂടെ പ്രോത്സാഹനവും പകരുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കും. രോഗികളോട് അൽപസമയം സംസാരിച്ചിരിക്കുക, സാമ്പത്തികമായി സഹായിക്കുക, വ്യക്തിപരമായ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക തുടങ്ങിയതിന്റെ ആവശ്യകത എനിക്കു മനസ്സിലായി.

ഓർക്കുക നമ്മെക്കാൾ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്ന അനേകരുണ്ട്. അവരുടെ വേദന അറിയണമെങ്കിൽ സ്വന്ത ജീവിതത്തിൽ ഇത് അനുഭവിക്കണം. ദൈവവചനം പറയുന്നു: "തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ". മറ്റുള്ളവരുടെ ഭാരം ചുമക്കണമെങ്കിൽ അവന്റെ ഭാരം എന്റെ ഭാരത്തെക്കാൾ വലിയതാണ് എന്ന അറിവാണ് ആവശ്യം. പലപ്പോഴും നമ്മുടെ ഭാരം, വേദന, ആവശ്യം ഇവ വലുതായി കാണുന്നതിനാൽ മറ്റുള്ളവരെപ്പറ്റി നാം ചിന്തിക്കാറേ ഇല്ല. സഹജീവികളുടെ വേദന ഉള്ളതുപോലെ അറിഞ്ഞ ആളാണ് യേശുക്രിസ്തു. യേശുവിന്റെ മനസ്സലിവു നമ്മുടെ ജീവിത ങ്ങളിൽ കൂടെ പ്രദർശിപ്പിക്കുവാൻ അപകടങ്ങൾ മുഖാന്തരമാകണം. അല്ലാതെ ദൈവത്തെ പഴി പറഞ്ഞും ഡോക്ടർമാരെ ചീത്ത വിളിച്ചും പകയിലും വൈരാഗ്യത്തിലും ജീവിച്ചാൽ ജീവിതം നന്നാകുകയില്ല.

**ദൈവം അറിയാതെയല്ല...**

പലരും അപകടം നേരിടുമ്പോൾ സ്വയം ചോദിക്കും, ദൈവം ഇത് അറിഞ്ഞില്ലേ? ദൈവം കൂടെയുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ട് എന്റെ ജീവിതത്തിൽ ഇതു സംഭവിച്ചു? പഴയ നിയമത്തിൽ ഗിദെയോൻ എന്നു പേരുള്ള ഒരു പരാക്രമശാലി പ്രശ്നങ്ങളിൽ അകപ്പെട്ടു ഭയന്നിരിക്കുമ്പോൾ ദൈവദൂതനോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: "അയ്യോ യജമാനനേ, യഹോവ നമ്മുടെ കൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ സംഭവിക്കുന്നതെന്ത്?" (ന്യായാ. 6:13). ജീവിതത്തിന്റെ വൈതരണികളിൽ നാമും സ്വയം ചോദിക്കും, ദൈവം കൂടെയുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ട്? ദൈവം അറിഞ്ഞു കൊണ്ടാണെങ്കിൽ പിന്നെ എനിക്ക് എന്തിന് ഇതു നൽകി. എന്നാൽ നാം അറിയേണ്ടത് നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത് എല്ലാം ദൈവം അനുവദിക്കുന്നതു മാത്രമാണ്. ദൈവം ഒരിക്കലും ദോഷങ്ങളാൽ നമ്മെ പരീക്ഷിക്കുന്നില്ല. ജീവിതത്തിലെ അശ്രദ്ധയോ തെറ്റായ തീരുമാനങ്ങളോ ദൈവഹിതം മനസ്സിലാക്കാതെയുള്ള യാത്രയോ പലപ്പോഴും അത്യഹിതങ്ങളിൽ പര്യവസാനിക്കും. എന്നാൽ അവിടെയും നമ്മെ രക്ഷിക്കുന്ന ദൈവം ജീവിക്കുന്നു.

ജീവിതത്തെപ്പറ്റി യഥാർത്ഥമായി മനസ്സിലാക്കുവാൻ ഇത്തരം അവസരങ്ങൾ ഉപയോഗിക്കണം. ദൈവം നമ്മെ മറക്കുന്നതല്ല, മറിച്ചു നാം പലപ്പോഴും ദൈവത്തെ കൂടാതെ യാത്ര ചെയ്യുന്നതാണ്. അപകടങ്ങൾ ദൈവം ഇല്ലാത്തവന്റെ മാത്രം കുത്തകയായി കാണുന്ന ആത്മീകരുണ്ട്. എന്നാൽ അതു തെറ്റാണ്. അപകടങ്ങളും അനർത്ഥങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ ദൈവത്തെ അറിയുന്നവനുള്ള പ്രത്യാശ: "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യ മാകുന്നു; എന്നാൽ അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു" എന്നതാണ്. അനർത്ഥങ്ങൾ നേരിടാം. എന്നാൽ ദൈവം അവനു വിടുതൽ നൽകുന്നു.... കയ്യോ കാലോ ഒടിഞ്ഞാലും ജീവഹാനി സംഭവിക്കുന്നില്ല. ഇനി മരണം സംഭവിച്ചാലും ദൈവം അറിയാതെ ആണെന്നോ ദൈവം ശിക്ഷിച്ചതാണെന്നോ കരുതുന്നതു തെറ്റാണ്. രോഗം നേരിട്ടാലും നീക്കുപോക്കു നൽകുവാൻ ദൈവം ശക്തനാണ്. മരണത്തിലും കൈവിടാത്ത ഒരു ദൈവം കൂടെയുണ്ടെന്ന പ്രത്യാശ നമ്മുടെ ഹൃദയത്തിൽ നിറയട്ടെ. ജ

04

## എനിക്കും പറയാനുണ്ട്...

# സമുദായ കൂട്ടായ്മയും പെന്തെക്കോസ്തും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കഴിഞ്ഞലക്കത്തിൽ ഞങ്ങളുടെ കൂട്ടായ്മയിൽ നടന്ന സ്നാനത്തെക്കുറിച്ചാണല്ലോ പറഞ്ഞത്. അതിന് അനുബന്ധമായൊരു സംഭവം കൂടെ പറഞ്ഞ് ആ ഭാഗം അവസാനിപ്പിക്കാം. മർത്തോമ്മാ, സി. എസ്. ഐ. വിഭാഗക്കാരായിരുന്നു പവ്വർ ഇവാഞ്ചലിസം കൂട്ടായ്മയിൽ കൂടുതലായുണ്ടായിരുന്നത്. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരായിരുന്നു മിക്കവാറും വിശ്വാസികൾ. വിശ്വാസസ്നാനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ധാരണ മിക്കവർക്കും ഉണ്ടായിരുന്നു. സാഹചര്യം അനുകൂലമല്ലാത്തവർ രഹസ്യമായി സ്നാനമേറ്റു. ആളുകൾ കൂട്ടമായി അക്കാലത്ത് സ്നാനക്കടവിൽ എത്തുന്ന കാഴ്ച എടുത്തു പറയേണ്ടതായിരുന്നു.

ആ കാലത്താണ് കൂട്ടായ്മയിലെ അംഗമായിരുന്ന ഒരു സഹോദരിക്ക് വിശ്വാസസ്നാനം ഏൽക്കുവാനുള്ള പ്രേരണ ഉണ്ടായത്. ഗൾഫുകാരനായ ഭർത്താവറിയാതെ സഹോദരി സ്നാനമേറ്റു. മാസങ്ങൾക്കുശേഷം ഭർത്താവ് ഗൾഫിൽ വെച്ച് രക്ഷിക്കപ്പെട്ടു. വിശ്വാസസ്നാനത്തിനായി പ്രേരണ കിട്ടിയ അദ്ദേഹം ഭാര്യയെ വിളിച്ച് സ്നാനപ്പെടുവാനുള്ള തീരുമാനം പറഞ്ഞു.മാത്രമല്ല ഒരുമിച്ച് സ്നാനപ്പെടണം എന്നുംകൂടി പറഞ്ഞപ്പോൾ ഈ സഹോദരി അങ്കലാപ്പിലായി. സ്നാനമേറ്റ കാര്യം പറയാൻ പേടിച്ച സഹോദരി പ്രശ്ന പരിഹാരത്തിനായി ഉപദേശിയെ സമീപിച്ചു. സ്നാനപ്പെടുത്തിയ പാസ്റ്ററുടെ അടുക്കൽ പരിഹാരത്തിനായി ഉപദേശിയും എത്തി. രണ്ടുപേരെയും ആശ്വസിപ്പിച്ച് പാസ്റ്റർ പറഞ്ഞയച്ചു. ഈ സഹോദരൻ മാസങ്ങൾക്കു ഗൾഫിൽ നിന്നെത്തിയപ്പോൾ സ്നാനപ്പെടുത്തിയ പാസ്റ്റർ മുമ്പ് സ്നാനപെട്ട ഈ സഹോദരിയെ ഒന്നുകൂടി സ്നാനപ്പെടുത്തി വിട്ടു. എല്ലാവരും ഹാപ്പി. രണ്ട് പ്രാവശ്യം സ്നാനപ്പെട്ട സഹോദരിക്ക് സ്വർഗ്ഗം ഉറപ്പാക്കിയോ എന്നറിഞ്ഞുകൂടാ. പാസ്റ്ററുടെ തന്ത്രം അവിടെ വിജയിച്ചെങ്കിലും വചനാടിസ്ഥാനത്തിൽ ഒരു വ്യക്തിക്ക് തന്നെ രണ്ടുപ്രാവശ്യം സ്നാനം നൽകിയതിനെ എങ്ങനെ വ്യാഖ്യാനിക്കും എന്നറിഞ്ഞുകൂടാ.

ആ കാലത്തെ കൂട്ടായ്മകൾ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. ആ കാലത്ത് പെന്തെക്കോസ്തുകാരെ കാണുമ്പോൾ വലിയ ബഹുമാനവും സ്നേഹവുമായിരുന്നു. കർത്താവിനോടടുത്തു ജീവിക്കുന്നവർ എന്ന ധാരണയായിരുന്നു എനിക്കുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ഒട്ടൊരു ഭയവും ഇവരെക്കുറിച്ച് എനിക്കുണ്ടായിരുന്നു. എന്നാൽ ഇതിനുള്ളിൽ വന്നപ്പോൾ കാര്യങ്ങൾ വ്യത്യസ്തമെന്നറിഞ്ഞു. ഏറ്റവും നല്ല ഉപദേശം ഇതുതന്നെയാണെന്നുറപ്പുണ്ട്. ജീവിതവും പഠിപ്പിക്കലും തമ്മിൽ യാതൊരു ബന്ധവുമില്ലാത്തവരാണിന്നത്തെ പെന്തെക്കോസ്തുകാർ.

അക്കാലത്തെ കൂട്ടായ്മയിൽ കൃപാവര ശുശ്രൂഷകൾ ശക്തമായി നടക്കുമായിരുന്നു. ഭൂതങ്ങൾ പുറത്താകുന്നതും രോഗികൾ സൗഖ്യമാകുന്നതും അഭിഷേകം പ്രാപിക്കുന്നതുമൊക്കെ സാധാരണ സംഭവമായിരുന്നു. ആ ശുശ്രൂഷകളെല്ലാം യഥാർത്ഥമായിരുന്നു. കൊട്ടിഘോഷിച്ച് മഹത്വം എടുക്കുന്ന പതിവ് അന്ന് ഉപദേശിമാർക്കില്ലായിരുന്നു. പെന്തെക്കോസ്ത് സഭകളിലെങ്ങും പിന്നീട് അത്തരമൊരു ശുശ്രൂഷ ഞാൻ കണ്ടിട്ടേയില്ല. ഇന്ന് ഒരു ഉപദേശി പ്രാർത്ഥിച്ച് തുമ്മലോ, തലവേദനയോ മാറിയാൽ മതി. ചാനലുകളിലും മറ്റും അതിനെപ്പറ്റിയുള്ള വർണ്ണന ആയിരിക്കും കാണുവാൻ കഴിയുന്നത്. ഇന്നത്തെ രോഗശാന്തിക്കാർ കാണിച്ചുകൂട്ടുന്ന കോപ്രായങ്ങൾ കണ്ടാൽ നമ്മൾ കരഞ്ഞുപോകും. എനിക്ക് രസകരമായി തോന്നിയ ഒരു കാര്യം ഇപ്പോഴുള്ള രോഗശാന്തിക്കാർക്ക്, പുറമേയുള്ള രോഗങ്ങളൊന്നും സൗഖ്യമാക്കുവാൻ കൃപയില്ലായെന്നതാണ്. വയറ്റിലെ മുഴ, വയറുവേദന, തലവേദന ഇങ്ങനെയൊക്കെയുള്ളവ മാത്രമേ അവരുടെ ശുശ്രൂഷയിൽ സൗഖ്യമാകാറുള്ളൂ. ഇത് എന്റെ നിരീക്ഷണമാണ്.

ന്യൂജനറേഷൻ സഭകളുടെ ആവിർഭാവത്തോടെ പൊതുസമൂഹത്തിൽ പെന്തെക്കോസ്തിന് ഒരു കോമഡി പരിവേഷമാണുള്ളത്. കോമഡി പ്രോഗ്രാമുകളിൽ പെന്തെക്കോസ്ത് ഉപദേശിമാർ സ്ഥിരം കഥാപാത്രങ്ങളാണ്. വന്നു വന്ന് സിനിമയിലും പാസ്റ്റർ കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതിലെല്ലാം പൊതുവായി കാണുന്ന ഒന്ന് പെന്തെക്കോസ്തുകാരെ അവഹേളിക്കുന്നുവെന്നുള്ളതാണ്. അതിനു കാരണക്കാർ ആത്മീയ ശുശ്രൂഷയിൽ കോപ്രായം കാണിക്കുന്ന ന്യൂജനറേഷൻ ഗ്രൂപ്പുകാരാണ്.

കള്ളപ്രവാചകന്മാരും കപട രോഗശാന്തിക്കാരും ഇന്ന് വളരെ വർദ്ധിച്ചിരിക്കുന്നു. യഥാർത്ഥമായി ദൈവവചനം പഠിപ്പിക്കുന്നതിനു പകരം തങ്ങൾക്ക് നേരിട്ട് ലഭിച്ചതെന്ന പേരിൽ ഇക്കൂട്ടർ ജനത്തെ വഞ്ചിക്കുകയാണ്. യഥാർത്ഥമായ വചനപഠനം സഭകളിൽ കുറഞ്ഞുപോയിരിക്കുന്നു എന്നുള്ളതാണ് ഈ വീഴ്ചയ്ക്ക് കാരണം. കാതടപ്പിക്കുന്ന ശബ്ദസംവിധാനങ്ങളും ഇളക്കവും ഡാൻസുമൊക്കെയായി ആരാധനയെ മറ്റൊരു തലത്തിൽ എത്തിച്ച് പൊതുസമൂഹത്തിൽ പെന്തെക്കോസ്ത് സഭകളെക്കുറിച്ച് തെറ്റായ ഒരു സന്ദേശമാണ് ന്യൂജനറേഷൻകാർ നൽകിയിരിക്കുന്നത്.

ഇപ്പോഴുള്ള പെന്തെക്കോസ്തുകാരും ബഹുഭൂരിപക്ഷവും സ്വർഗ്ഗരാജ്യത്തിന്റെ പടിപോലും കടക്കുകയില്ല. ഇത് അല്പം കൂടിയ അഭിപ്രായ പ്രകടനമായി വായനക്കാർക്ക് തോന്നിയേക്കാം. എന്നാൽ യാഥാർത്ഥ്യം അതാണ്. പരസ്പരം സ്നേഹിക്കുവാനും കരുതുവാനും സമയമില്ലാത്തവർ ആത്മീയത മറയാക്കി ലോകത്തിലേക്ക് ഇറങ്ങിയിരിക്കുന്നു. എങ്ങനെയും പണവും പ്രശസ്തിയും ഉണ്ടാക്കി കസേര ഉറപ്പാക്കുക മാത്രമാണ് ഉപദേശിമാരുടെയും ലക്ഷ്യം.

## നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം 27



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മഴ ചാറുന്നുണ്ടായിരുന്നു. വായനശാലയുടെ മുൻപിൽ കാർ വന്നു നിന്നു. വണ്ടിയിൽ കയറിയപ്പോൾ മുതൽ ആരും ഒന്നും തന്നെ സംസാരിക്കുന്നുണ്ടായിരുന്നില്ല. ആൽബർട്ടും പുറത്തേക്ക് തന്നെ നോക്കിയിരിക്കുകയായിരുന്നു. മാതേവനും മുനയണ്ണനും ആ യാത്രയിൽ ഒന്നും തന്നെ ആൽബർട്ടിനോടു ചോദിച്ചതേയില്ല. എന്നിരുന്നാലും അവരുടെ കലുഷമായ മനസ്സ് ആൽബർട്ട് തിരിച്ചറിഞ്ഞിരുന്നു. രാജീവ് കൂടെയുള്ളപ്പോൾ അവർ ഒന്നും തന്നെ പറയുകയില്ലെന്ന് ആൽബർട്ടിന് ഉറപ്പായിരുന്നു.

പുറത്ത് സന്ധ്യ കനത്തു തുടങ്ങിയിരുന്നു.

വായനശാലയുടെ പഴകിയ കെട്ടിടത്തിലേക്ക് നോക്കി കൊണ്ട് ആൽബർട്ട് പുറത്തേക്ക് ഇറങ്ങി. ഇതാ സ്ഥലം.... രാജീവ്, മാതേവനേയും മുനയണ്ണനേയും നോക്കുന്നു. അവരും പരിഭ്രമത്തോടെ പരസ്പരം നോക്കി കൊണ്ട് കാറിന്റെ വാതിൽ തുറക്കാൻ പരിശ്രമിക്കുകയായിരുന്നു, അപ്പോൾ. രാജീവ് പെട്ടെന്നു തന്നെ കൈ അകത്തേക്ക് ഇട്ട് ഡോറിന്റെ ലോക്ക് മാറ്റി, വാതിൽ തുറന്നു കൊടുത്തു. വായനശാലയുടെ മുകളിലേക്കുള്ള പടവുകൾ കൂടുതൽ ദ്രവിച്ചിരിക്കുന്നു. ഭിത്തിയിൽ ചെഗുവേരയുടെ ചിത്രം മാത്രം അതുപോലെയുണ്ട്. വിവിധ യൂണിയനുകളുടെ പോസ്റ്ററുകൾ ഭിത്തി മുഴുവൻ പതിച്ചിരിക്കുന്നു.

മരത്തിന്റെ കോവേണി രാജീവാണ് ആദ്യം കയറിയത്. പിന്നാലെ മാതേവനും മുനയണ്ണനും. കാലം കൊണ്ടു വരുന്ന മാറ്റങ്ങളിൽ അത്ഭുതം കൂറി ആൽബർട്ട് പിന്നാലെ പടവുകൾ കയറി. അരണ്ട വെളിച്ചത്തിൽ രാജീവ് വാതിൽ തള്ളി തുറന്നു. ഇപ്പോൾ ഇത് ആരും പൂട്ടാറു പോലുമില്ല, ആൽബീ. ഇന്നലെ നമ്മുടെ പഴയ ഗാങ്ങ് ഇവിടെയാണ് കൂടിയത്. പാട്ടും മേളവും ആയി എന്ത് രസമായിരുന്നു വെന്നോ. രാജീവ് ചിരിക്കുന്നു. ആൽബർട്ടും ചിരിക്കാൻ പരിശ്രമിച്ചു.

രാജീവാണ് ലൈറ്റ് ഇട്ടത്. മങ്ങിയ വെളിച്ചം മുറിയിൽ പടർന്നു. പഴയ ഒരു ടേബിളിൽ കുറേ പുസ്തകങ്ങൾ വിതറിക്കിടക്കുന്നു. രണ്ട് കട്ടിൽ. മൂലയിലായി നാടകത്തിനോ മറ്റോ ഉപയോഗിക്കുന്ന ചില സാമഗ്രികൾ. പൊടി പിടിച്ചു കിടക്കുന്ന ഒരു ടെലിവിഷൻ... മുറി ചുറ്റും വീക്ഷിച്ചു കൊണ്ട് മാതേവനും മുനയണ്ണനും അകത്തേക്ക് കയറി. നിങ്ങളാ കട്ടിലിലോട്ട് ഇരിക്കൂ കേട്ടോ...രാജീവ് ആതിഥ്യ മര്യാദ കാട്ടുന്നു. കട്ടിലേക്ക് ഇരുന്നപ്പോൾ തന്ന വാതരോഗിയെപ്പോലെ അത് ചിമിറുവാൻ തുടങ്ങി. കാലൊടിഞ്ഞ് അത് വീഴുമെന്നു പോലും ആൽബർട്ട് ഭയന്നു. നീ പേടിക്കണ്ടടേ അവൻ ഇളകി വീഴുകയൊന്നുമില്ല. ആൽബർട്ട് ചിരിച്ചു കൊണ്ട് എഴുന്നേറ്റു. മാതേവനും മുനയണ്ണനും അപ്പോഴും അതേ പരിഭ്രമത്തോടെ കട്ടിലിൽ ഇരിക്കുകയായിരുന്നു. ആൽബർട്ടിന്റെ നോട്ടത്തിൽ നിന്ന് എന്തോ മനസ്സിലായതു പോലെ രാജീവ് പെട്ടെന്നു ധൃതി കാട്ടി. ഡാ ആൽബീ, ഞാൻ ഫുഡ് വാങ്ങി കൊണ്ടു വരാം. കുളിക്കാൻ താഴെയുള്ള ബാത്റൂമിൽ പോകേണം. ഞാൻ തോർത്തും സോപ്പും കൂടെ കൊണ്ടു വരാം അതു വരെ നിങ്ങൾ സംസാരിച്ചിരിക്ക്. അങ്ങനെ പറഞ്ഞു കൊണ്ടു തന്നെ അയാൾ പുറത്തേക്കിറങ്ങി പോയി. എത്രയോ വർഷത്തിന്റെ വ്യത്യാസം ഉണ്ടായിട്ടും, തന്നെക്കാൾ എത്രയോ ഉന്നതമായ ജോലിയും മറ്റ് കാര്യങ്ങളും ഉണ്ടായിട്ടും പഴയ സ്നേഹത്തിന്റേയും അന്ന് തന്നോടു കാട്ടിയിരുന്ന ബഹുമാനത്തിന്റേയും അളവ് അല്പം പോലും കുറയ്ക്കാതെ രാജീവ് തനിക്കു വേണ്ടി പരിശ്രമിക്കുന്നു. ഏതോ ശപിക്കപ്പെട്ട നിമിഷത്തിൽ എങ്ങനെ തനിക്ക് നീലമുടിയെ ഉപേക്ഷിച്ചു കളയുവാൻ തോന്നിയെന്ന് സ്വയനിന്ദയോടെ ആൽബർട്ട് അപ്പോൾ ചിന്തിക്കുകയായിരുന്നു.

ദൈവം കുട്ടീ, കൊറച്ചു വെള്ളം..? മാതേവന്റെ ശബ്ദം. ആൽബർട്ട് പെട്ടന്നു തന്നെ ചുറ്റും പരതി. ഒരു മൂലയിലായി മൺകൂജയും അതിന്റെ മുകളിൽ ഒരു സ്റ്റീൽ ഗ്ലാസും ഇരിക്കുന്നു. ഭാഗ്യത്തിന് അതിൽ വെള്ളം ഉണ്ടായിരുന്നു. ഇന്നലെ ഇവിടെ കൂടിയെന്നാണല്ലോ രാജീവ് പറഞ്ഞത്. അതുകൊണ്ട് തന്നെ മൺകൂജയിലെ വെള്ളം നല്ലതാണെന്ന വിശ്വാസത്തോടെ അയാൾ ഗ്ലാസിലേക്ക് പകർന്നു. മാതേവൻ വെള്ളം കുടിച്ചു കൊണ്ടിരുന്നപ്പോഴാണ് ആൽബർട്ട് ആദ്യ ചോദ്യം ചോദിച്ചത്.

മാതേവാ എന്താ ശരിക്കും സംഭവിച്ചേ....? എങ്ങനാ നിങ്ങൾ ഇവിടെ എത്തിയത്...?

പെട്ടന്ന് തന്നെ മാതേവൻ വെള്ളം കുടിക്കുന്നത് നിർത്തി. മുനയണ്ണനെ നോക്കി കൊണ്ട് മാതേവൻ എന്തോ പറയുവാൻ തുടങ്ങി.

പെട്ടന്ന് മുനയണ്ണൻ എഴുന്നേറ്റു. ഇല്ല, ദൈവം കുട്ടി ഞങ്ങ വെറുതേ ദൈവം കുട്ടീനെ കാണാൻ വന്നതാ. നാളെ ഞങ്ങളെ ബസ് കയറ്റി വിട്ടാൽ മതി ഞങ്ങൾ പൊയ്ക്കോളാം.

അല്ല, മുനയണ്ണാ... എന്നോട് നിങ്ങൾ ഒന്നും ഒളിക്കേ.. എന്താ നീലമുടിയിൽ സംഭവിച്ചേ....?

ഒളിക്കുന്നെന്നോ....ഞങ്ങളോ... ദൈവം കുട്ടിയല്ലേ എല്ലാം ഒളിക്കുന്നത്...? ആൽബർട്ട് പെട്ടന്ന് മുഖമുയർത്തി മുനയണ്ണനെ നോക്കി. മാതേവൻ കൂജയിൽ നിന്ന് വെള്ളം എടുക്കാനായി നടന്നു. ദൈവം കുട്ടിക്ക് എന്തോ വലിയ ജോലി കിട്ടിയെന്നോ, ദൂരെ ദൂരെയെവിടെയോ പോകുവാന്നോ ഞങ്ങളോട് പറഞ്ഞില്ലല്ലോ.

ആരാ ഇതെല്ലാം നിങ്ങളോട് പറഞ്ഞത്...

ആരാ ഞങ്ങളോട് ഇതൊക്കെ പറഞ്ഞതെന്നും ഇതെല്ലാം സത്യമാന്നും ദൈവം കുട്ടിക്ക് അറിയാമല്ലോ അല്ലേ....?

മാതേവൻ, ആൽബർട്ടിന്റെ അടുത്തേക്ക് മെല്ലെ നടന്നു വന്നു. ഞങ്ങക്ക് ദൈവം കുട്ടിയോട് ഒരു ദേഷ്യവുമില്ല. ദൈവം കുട്ടീനെ ഇനി കാണല്ലന്നും നീലമുടിലോട്ട് കൊണ്ടു പോകരുതെന്നും ദൈവം കുട്ടീടെ അമ്മ പറഞ്ഞു കുറേ കരഞ്ഞു. ഞങ്ങ ഒന്നു കണ്ടാ മതീന്നേ ചോദിച്ചൊള്ളൂ. അപ്പോഴേക്കും അപ്പാ, പോലീസുകാരെ വിളിച്ചു. ഞങ്ങ ദൈവം കുട്ടീടെ വീട്ടിൽ കക്കാൻ കേറിന്നു പറഞ്ഞാ പോലീസുകാരു തല്ലിയേ....!

മാതേവാ...നീ മിണ്ടേണ്ട..... ദൈവം കുട്ടീ.. ഇപ്പോൾ ഏതേലും ബസുണ്ടെങ്കിൽ ഞങ്ങളെ ഇപ്പോ തന്നെ കേറ്റി വിടാമോ....?

ആൽബർട്ട് വാസ്തവത്തിൽ കരഞ്ഞു പോയിരുന്നു.

ചെയ്ത തെറ്റിന്റെ ആഴവും പരപ്പും ആൽബർട്ടിലേക്ക് വ്യാപിച്ചു തുടങ്ങിയിരുന്നു. പോലീസുകാർ തല്ലിയാലോ, കുമ്മാശൻ കൊന്നാലോ നീലമുടി വിട്ട് വരാൻ പാടില്ലായിരുന്നു. ഡേവിഡും ഇല്ലാത്ത ഈ സന്ദർഭത്തിൽ അവർക്കു ആശ്രയമായി മറ്റാരാണ് ചെല്ലുക. ആൽബർട്ട് തുറന്നു കിടക്കുന്ന ജനാലയ്ക്കലേക്ക് പോയി. പുറത്ത് മഴ ഇനിയും തോർന്നിട്ടുണ്ടായിരുന്നില്ല.

ദൈവം കുട്ടീ ഞങ്ങൾ പോകുവാ.....

പെട്ടന്ന് രാജീവിന്റെ ശബ്ദം; ദൈവം കുട്ടിയോ....ഡാ ആൽബീ നിന്നെ ഇങ്ങനെയാണോ ഇവർ വിളിക്കുന്നേ... ഇതെന്തവാടേ ഈ ദൈവം കുട്ടി...? ഫുഡുമായി രാജീവ് കയറി വരുന്നതാണ് തിരിഞ്ഞു നോക്കിയപ്പോൾ ആൽബർട്ട് കണ്ടത്. എന്തു പറ്റി ആൽബീ.... ഡാ നീ കരയുന്നോ...? എന്താടാ പറ്റിയേ....?

മാതേവമും മുനയണ്ണനും പോകുവാൻ തയ്യാറായി തന്നെ നിൽക്കുകയായിരുന്നു. ഇവരെന്താ പോകുവാണോ....ഏയ് ഇപ്പോ പോകാൻ ബസൊന്നും കിട്ടില്ല കേട്ടോ.... നമ്മുക്ക് ശരിയാക്കാൻ പറ്റാത്ത എന്ത് കാര്യമാ ഉള്ളേ...? ആദ്യം നിങ്ങൾ ആഹാരം കഴിക്ക്.... കുളിക്കണമെങ്കിൽ കുളിച്ചിട്ടു വാ...? ബാഗ് തുറന്ന് തോർത്തും സോപ്പും മുണ്ടും മറ്റും എടുത്ത് രാജീവ് അവർക്ക് നേരെ നീട്ടി.

എന്തോ തീരുമാനിച്ചുറച്ചതു പോലെ ആൽബർട്ട് മാതേവന്റേയും മുനയണ്ണന്റേയും അടുത്ത് ചെന്നു. എന്തായാലും ഇന്ന് പോകരുത്. കുളിച്ചിട്ടു വാ.....നമ്മുക്ക് ആഹാരം കഴിക്കാം.

(തുടരും)

**ചോദ്യോത്തര വേദി**

# ക്രിസ്ത്യാനികളും യോഗാഭ്യാസവും



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ശാരീരിക ആരോഗ്യത്തിന് 'യോഗാ'യിലെ ശ്വസനക്രീയകൾ നല്ലതാണെന്ന് പറയപ്പെടുന്നു. നല്ലതാണോ? യോഗായിൽ സൂര്യനമസ്കാരം ഒരു കർമ്മമായി ചെയ്യണമെന്ന് പറയപ്പെടുന്നു. സൂര്യനെ ഒന്നു നമസ്കരിച്ചാൽ എന്താണ് തെറ്റ്? യോഗായും ഹിന്ദു സംസ്കാരവുമായി എന്താണ് ബന്ധം? സി .എം. ഐ, ബനഡിക്റ്റൻ, ജെസ്യൂട്ട് സഭകളിലെ കത്തോലിക്കാ പുരോഹിതന്മാരും കന്യാസ്ത്രികളും തങ്ങളുടെ വിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളെ 'യോഗാ' പഠിപ്പിക്കുന്നുണ്ട്. അതിനെക്കുറിച്ചും പ്രതികരിക്കുമല്ലോ!

**– ജോസഫ് പി.വി, അമര, ചങ്ങനാശ്ശേരി**

**ഉത്തരം:** ശാരീരികമായി അദ്ധ്വാനിച്ച് ശരീരത്തിൽ നിന്ന് വിയർപ്പൊഴുക്കാൻ സാഹചര്യമില്ലാത്തവർക്കും താല്പര്യമില്ലാത്തവർക്കും മുറിയിലിരുന്ന് ചെയ്യാവുന്ന ആരോഗ്യപരമായ ശ്വസനക്രിയകളാണ് യോഗാഭ്യാസങ്ങൾ. ഒരു മണിക്കൂർ കൃഷിയിടങ്ങളിൽ പണി ചെയ്യുന്നവനോ, ഒരു മണിക്കൂർ കളികളിൽ പങ്കെടുക്കുന്നവനോ, ഒരു മണിക്കൂർ നടക്കുന്നവനോ, സൈക്കിൾ ചവിട്ടുന്നവനോ, നീന്തുന്നവനോ പ്രത്യേകിച്ച് ശ്വസനക്രിയകളുടെ ആവശ്യമൊന്നുമില്ല. ആയതിനാൽ ആരോഗ്യപരമായ ശ്വസനക്രിയകളെ തെറ്റാണ് വിധിക്കേണ്ട ആവശ്യമില്ല.

**സൂര്യനമസ്കാരം ചെയ്യുന്നത് ശരിയോ?**

സത്യദൈവത്തെക്കുറിച്ച് പരിജ്ഞാനമില്ലാത്തവരും, സത്യത്തെ അന്വേഷിക്കാത്തവരും സൂര്യനെ (സൃഷ്ടാവിന്റെ സൃഷ്ടിയായ സൂര്യനെ) നമസ്കരിക്കുന്നതിൽ ദൈവം കുറ്റം വിധിച്ചിരുന്നില്ല. എന്നാൽ സത്യദൈവത്തെക്കുറിച്ച് പരിജ്ഞാനം കിട്ടിയവർ അത് ചെയ്യാൻ പാടില്ലായെന്ന് ദൈവം വിലക്കിയിരുന്നു. "നീ ആകാശ സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിക്കുവാനും ആരാധിക്കുവാനും വശീകരിക്കപ്പെടരുത്. അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വജനങ്ങൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു" (ആവർത്തനം 4:19).

**യെരുശലേം ദൈവാലയത്തിലെ സൂര്യമനസ്കാരം**

ഒരിക്കൽ സത്യത്തിന്റെ പരിജ്ഞാനം കിട്ടിയ യെഹൂദന്മാർ പിന്നീട് അസത്യങ്ങളിലേക്ക് തിരിയുകയും യെരുശലേം ദൈവാലയത്തിൽ വച്ചു തന്നെ സൂര്യനമസ്കാരം നടത്തുകയും മറ്റ് ആരാധനരീതികളിലേക്ക് തിരിയുകയും ചെയ്തു. യെഹസ്ക്കേൽ പ്രവാചകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "അവൻ എന്നെ യഹോവയുടെ ആലയത്തിന്റെ അകത്തെ പ്രാകാരത്തിലേക്ക് കൊണ്ടുപോയി.... അവിടെ ഏകദേശം 25 പുരുഷന്മാർ യഹോവയുടെ മന്ദിരത്തിനുനേരെ പുറന്തിരിഞ്ഞ്, മുഖം കിഴക്കോട്ട് തിരിച്ചുകൊണ്ട് നിന്നിരുന്നു; **അവർ കിഴക്കോട്ട് നോക്കി സൂര്യനെ ആരാധിക്കുകയായിരുന്നു**.... കർത്താവെന്നോട്: നീ ഇതു കാണുന്നുവോ? യെഹൂദാഗൃഹം ഇവിടെ ചെയ്യുന്ന മ്ലേച്ഛതകൾ പോരാഞ്ഞിട്ടാണോ അവർ എന്നെ അധികമധികം കോപിപ്പിക്കുന്നത്" (യെഹസ്ക്കേൽ8:16,17 ആശയപരമായ സ്വതന്ത്രപരിഭാഷ).

**യോഗായും ഹിന്ദുസംസ്കാരവും**

ഹിന്ദുസംസ്കാരത്തിലെ ദൈവവിശ്വാസം ബഹുദൈവ വിശ്വാസം ആണ്. പുനർജന്മത്തിലും അവർ വിശ്വസിക്കുന്നു. അല്പം അമാനുഷിക കഴിവ് കാണിക്കുന്ന നേതാക്കളെ **അവതാരമായി** കണക്കാക്കുന്നതിലും അവർക്ക് ബുദ്ധിമുട്ടൊന്നുമില്ല. 'മനസ്സിനെ നിയന്ത്രിക്കുന്ന ശാസ്ത്രമെന്നും', 'നമ്മുടെ ആത്മാവിനെ പരാശക്തിയുമായി ബന്ധിപ്പിക്കുന്ന അനുഭവമെന്നും' സ്വാമി വിവേകാനന്ദൻ യോഗാഭ്യാസത്തെ വിശേഷിപ്പിച്ചിരിക്കുന്നു.

ദൈവാനുഭവ ലക്ഷ്യങ്ങളിലേക്കുള്ള 'യോഗാ' നാലു രൂപങ്ങളിലുണ്ട് (ക്രമത്തിലുണ്ട്); 1) നല്ല രീതിയിൽ ജീവിച്ച് ആത്മസാക്ഷാത്കാരം പ്രാപിക്കുന്നതിന് 'കർമ്മ യോഗാ' എന്നു പറയുന്നു, 2) ഒരു ഗുരുവിനോടുള്ള സമർപ്പണത്തിൽ നേടുന്ന ആത്മസാക്ഷാത്കാരം 'ഭക്തി യോഗാ', 3) ജ്ഞാനത്തിൽകൂടി നേടുന്നത് 'ജ്ഞാനയോഗാ', 4) മനസ്സിനെ നിയന്ത്രിച്ച് നേടുന്നത് 'രാജ യോഗാ'. മനസ്സിനെ നിയന്ത്രിച്ച് ദൈവാനുഭവം സൃഷ്ടിക്കാമെന്ന് '**രാജയോഗ**'ത്തിന്റെ ഒരു ശാഖയായ '**ഹഠ**' യോഗത്തിൽ പഠിപ്പിക്കുന്നു. അതിന് എട്ട് ഘട്ടങ്ങൾ ഉണ്ട്; ആത്മശുദ്ധീകരണം, ആസനം, പ്രാണനിൽ നിന്ന് ഊർജ്ജം പുറപ്പെടുവിക്കുന്ന ആസനങ്ങൾ, ശ്വാസോച്ഛാസ നിയന്ത്രണം, മനസ്സിനെ ഏകാഗ്രമാക്കൽ, മനസ്സിനെ ശൂന്യമാക്കൽ, ധ്യാനം, പരബ്രഹ്മവുമായി ലയനം. വ്യക്തിപരമായ ആരോഗ്യത്തിനും വിശ്വശാന്തിക്കുമായി ഇതെല്ലാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഇന്ത്യയിലെ പ്രശസ്തരായ പല ആത്മീയ നേതാക്കളും രാജ്യനിയമങ്ങൾ ലംഘിച്ചതിനും സ്ത്രീവിഷയങ്ങളിലും പെട്ട് ജയിലിലാണ്. എന്തെല്ലാം പഠിച്ചാലും അഭ്യസിച്ചാലും, "ഞങ്ങളുടെ ആയുഷ്കാലം എഴുപത് സംവത്സരം; ഏറെയായാൽ എൺപത് സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ, അത് വേഗം തീരുകയും ഞങ്ങൾ പറന്നു പോകുകയും ചെയ്യുന്നു" (സങ്കീർത്തനം 90:10).

ക്രിസ്തീയ വിശ്വാസമനുസരിച്ച് നിത്യതയിലേക്കാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനായി ജനിച്ച് മരിച്ച എല്ലാവരും അവിടെ വ്യക്തിപരമായി അന്യോന്യം അറിയും. ധനവാനും ലാസറും അബ്രഹാമും മോശെയും ഏലിയാവും എല്ലാവരും അന്യോന്യം അറിയുകയും സംഭാഷണം നടത്തുകയും ആലോചനാ യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അതല്ലാതെ പുനർജനനം സംഭവിച്ച്...സംഭവിച്ച് അവസാനം പരബ്രഹ്മത്തിൽ ലയിച്ച് ഒരുവന്റെ വ്യക്തിത്വം ഇല്ലാതാകുന്നില്ല. മനസ്സിനെ ശൂന്യമാക്കാൻ യോഗാഗുരുക്കൾ നിർദ്ദേശിക്കുമ്പോൾ ദൈവീക വിഷയങ്ങൾകൊണ്ട് മനസ്സ് നിറയ്ക്കാൻ കർത്താവ് ഉപദേശിക്കുന്നു. ഉപദേശപരമായി ഒരു വിഷയത്തിലും ഹിന്ദുസംസ്കാരവും ക്രിസ്തീയ വിശ്വാസവുമായി യാതൊരു സാമ്യവുമില്ല.

**കത്തോലിക്കാ പുരോഹിതന്മാരും കന്യാസ്ത്രീകളും യോഗാ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനെക്കുറിച്ച്**

കത്തോലിക്കാ പുരോഹിതന്മാരും കന്യാസ്ത്രീകളും യോഗാ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനെ **ബനഡിക്റ്റ് മാർപാപ്പ** നിരോധിച്ചിരുന്നു. അദ്ദേഹം പറഞ്ഞത്: "ഏതാനും ക്രൈസ്തവർക്ക് വിശാലമായി ചിന്തിക്കണമെന്നും മറ്റ് മതവിഭാഗങ്ങളുടെ സംസ്കാരങ്ങളിൽ നിന്നുള്ളവ കൈമാറുന്നതിൽ തെറ്റില്ല എന്നും ചിന്തിക്കുന്നു....മനസ്സിനെ സ്വതന്ത്രമാക്കുന്നത് ക്രിസ്തീയ മാർഗ്ഗം മാത്രമാണ്.......ഏതാനും വ്യായാമമുറകൾ മനസ്സിനും ശരീരത്തിനും ശാന്തതയും വിശ്രമവും സുഖാനുഭൂതിയും പ്രകാശത്തിന്റെ ചൂട് അനുഭവപ്പെടുന്നതുപോലെ തോന്നിയിട്ട് അത് ആത്മീയതയായി ചിത്രീകരിക്കപ്പെടാം. പക്ഷെ അങ്ങനെയുള്ള അനുഭവങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്ന് ചിന്തിക്കുന്നത് യഥാർത്ഥ ആത്മീയതയെക്കുറിച്ചുള്ള തെറ്റായ ചിന്തയാണ്"

മാർപാപ്പയുടെ നിർദ്ദേശങ്ങൾക്ക് വില കല്പിക്കാത്ത പുരോഹിതന്മാരെയും കന്യാസ്ത്രീകളെയുംകുറിച്ച് അഭിപ്രായം പറയാൻ ഞാനാരുമല്ല. അത് കത്തോലിക്കാ സഭയുടെയും സഭാംഗങ്ങളുടെയും ആഭ്യന്തര വിഷയമാണ്.

ബനഡിക്റ്റ് മാർപാപ്പയുടെ നിരോധനം താഴെപ്പറയുന്ന വെബ്സൈറ്റിൽ വായിക്കാവുന്നതാണ്. http://www.skepticfiles.org/vrumor/vaticaz.htm

**അടിക്കുറിപ്പ്:** പഴങ്ങളിലും പച്ചക്കറികളിലും മുട്ടയിലും വായുവിലും വെള്ളത്തിലും മത്സ്യത്തിലും മാംസത്തിലും ഭക്ഷ്യ എണ്ണയിലും കറിപൗഡറിലും തുടങ്ങി എല്ലാ ഭക്ഷ്യവസ്തുക്കളിലും വിഷം ചേർന്ന രാസവസ്തുക്കൾ. അത് തടയാനാണ് ഭരണകർത്താക്കൾ ശ്രമിക്കേണ്ടത്. അത് കർശനമായി തടയാതെ കുറെ ആസനങ്ങൾ ചെയ്തതുകൊണ്ട് ജനങ്ങളുടെ രോഗാവസ്ഥ മാറുമെന്ന് ഞാൻ കരുതുന്നില്ല.

## 02 യുവജനപംക്തി.....

നിക്കുന്ന ഏവരും മരിക്കണം. അതിൽ ജാതിക്കോ മതത്തിനോ ആത്മീയതയ്ക്കോ സ്ഥാനമില്ല. ദൈവസമയമാണു പ്രധാനം.

ഒരു പക്ഷേ ജോനി എറിക്സൺ എന്ന വനിതയെപ്പറ്റി നിങ്ങൾ കേട്ടിരിക്കും. ഇന്നും ജീവിച്ചിരിക്കുന്ന അവർക്കു തൊണ്ണൂറു വയസ്സിൽ അധികം പ്രായമുണ്ട്. പതിനേഴാം വയസ്സിൽ വെള്ളത്തിലേക്കു ഡൈവു ചെയ്തപ്പോൾ നട്ടെല്ലിനു ക്ഷതം സംഭവിച്ചു. ജീവിതത്തിലെ പ്രതീക്ഷകളെല്ലാം വീണ്ടെടുത്തു. എന്നാൽ ഇവരുടെ ജീവിതം മറ്റുള്ളവർ പ്രതീക്ഷിക്കുന്നതു പോലെ സൗഖ്യത്തിലേക്കു വന്നില്ല. ചികിത്സകൾക്ക് ഒടുവിലായി ഒരു കാര്യം മനസ്സിലായി, കഴുത്തിനു താഴേക്കുള്ള ചലനശേഷി പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ ഒരിക്കലും അവൾ തന്റെ വൈകല്യത്തെ ഓർത്തു വിലപിച്ചിരുന്നില്ല. മറിച്ച് ഉള്ളതു കൊണ്ടു ദൈവത്തിനായി പ്രവർത്തിച്ചു തുടങ്ങി. ഇന്നു വലിയൊരു സംഘടനയുടെ നേതൃസ്ഥാനത്തിരിക്കുന്ന അവർ ചുണ്ടിൽ പേന കടിച്ചു പിടിച്ചു ചിത്രം വരയ്ക്കുകയും എഴുതുകയും ചെയ്യും. കയ്യോ കാലോ അനക്കുവാനോ ശരീരം ചലിപ്പിക്കുവാനോ ജോനിക്കു കഴിയുകയില്ല. വേണമെങ്കിൽ ദൈവത്തെ പഴിപറഞ്ഞ് ഒരു ശവത്തെപ്പോലെ ജീവിക്കാമായിരുന്നു. എന്നാൽ തനിക്ക് നേരിട്ട അപകടത്തിൽ കൂടെ വൈകല്യമുള്ളവരെയും തകർന്നവരെയും ആശ്വസിപ്പിക്കുവാൻ അവൾ ശക്തയായി. അനവധി രാജ്യങ്ങളിൽ പോയി പ്രസംഗിക്കുക, വികലാംഗർക്കു വീൽ ചെയർ നൽകുക, റേഡിയോയിലും ടി.വി.യിലും പ്രഭാഷണങ്ങൾ നടത്തുക ഇങ്ങനെ എല്ലാം ഇന്ന് അവർ ചെയ്യുന്നു. "Joni & Friends"എന്ന സംഘടന ഇന്നു ലോകപ്രശസ്തമാണ്.

(തുടരും...)

## 12 മാധ്യമവിചാരം....

പ്രവർത്തന പ്രവണതകൾ കഴിഞ്ഞ ലക്കത്തിൽ ചൂണ്ടിക്കാട്ടി. ആ വാദഗതികളിൽ ഉറച്ചുനിൽക്കുന്നു. വ്യക്തിവിമർശനം വിട്ട് ഞാൻ ഉദ്ധരിച്ച വിഷയങ്ങൾ അക്കമിട്ട് നിരത്തി പ്രതികരിക്കാൻ കഴിയുമെങ്കിൽ അങ്ങനെയുള്ളവർ മുമ്പോട്ട് വരട്ടെ. ആശയപരമായ വിയോജിപ്പുകളെ വ്യക്തിവിദ്വേഷത്തിലേക്ക് വലിച്ചിഴച്ചത് ഇവർ തന്നെയാണ്. മാധ്യമവിചാരകനോ ജേണലിനോ വീഴ്ചപ്പറ്റിയാൽ ഒന്നു ചിരിക്കാം എന്നതിൽ കവിഞ്ഞ താൽപര്യവും ഇല്ല. കുഞ്ഞിനറിയാം കണ്ണുരുട്ടൽ ഒന്നും കണ്ടാൽ ജേണലോ മാധ്യമവിചാരകനോ വിറപൂണ്ടുനിൽക്കില്ലെന്ന്. പി. സി. ഐ. വിട്ട് നേരത്തെ ഇറങ്ങിയതിലും പലയാവർത്തി ആഗ്രഹിച്ച അതിന്റെ ജനറൽ സെക്രട്ടറി സ്ഥാനം കിട്ടാതെപോയതിലും കുഞ്ഞ് അത്യധികം ആശ്വസിക്കുന്നുണ്ടാകാം. കുഞ്ഞും കുട്ടിയും ചേർന്ന് ഗൂഢസംഘം ഒരു സമാന്തര അധോലോകം പോലെ പെന്തെക്കോസ്തിനെ തകർക്കാൻ അണിയറയിൽ നടത്തിയ നീക്കങ്ങൾ പൊളിച്ച ജേണലും മാധ്യമവിചാരവും നിലനിൽക്കേണ്ടത് കാലികമായ ആവശ്യകതയാണ്. വായനക്കാർ നിഷ്പക്ഷതയോടെ വിലയിരുത്തുക.

## 08 വേദ പഠനം.....

ഓരോ വ്യക്തികളുടെയും നീതിപ്രവർത്തികളാൽ സ്വർഗ്ഗീയനെയ്ത്തുശാലയിൽ നെയ്തെടുക്കുന്ന വെൺമയുടെ വസ്ത്രം ആണ്. അതുകൊണ്ടാണ് പൗലോസ് തിമൊഥെയൊസിന്റെ ലേഖനത്തിൽ ആഭരണധാരികളായ വിശ്വാസിനികൾക്ക് എഴുതുന്നത് യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കണം. പിന്നിയ തലമുടി, പൊന്ന്, മുത്ത് വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല ദൈവഭക്തിയെസ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകും വണ്ണം സൽപ്രവർത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത് എന്നു 1തിമൊ:2:9-10-ൽ വായിക്കുന്നു. (തുടരും...)

## 01 ചർച്ച് ഓഫ് ഗോഡ് ഫാമിലി .....

ജോജോ ദാനിയേൽ, ഫിജോയി ജോൺസൺ, രാജൻ ഏബ്രഹാം, ചാക്കോ ജോർജ്ജ്, ഫിലിപ്പ് തോമസ്, ഏബ്രഹാം ടി. ജോസ്, ജോർജ്ജ് തോമസ്, വിൽസൺ വർഗീസ്, ജാവി ജോർജ്ജ്, പി. എം. ജോർജ്ജ്, ചാൾസ് തോമസ്, ജോമോൻ ജോൺ, സണ്ണി ഉണ്ണൂണ്ണി എന്നിവർ നാഷണൽ പ്രതിനിധികളായും പാസ്റ്റർ സണ്ണി താഴാംപള്ളം (മീഡിയ കോർഡിനേറ്റർ), പാസ്റ്റർ ജോൺ പി. സെൽവിൻ (ഓഡിറ്റർ), സിസ്റ്റർ കുഞ്ഞുമോൾ മാത്യു, സിസ്റ്റർ സൂസൻ ബി. ജോൺ എന്നിവരും കോൺഫ്രൻസിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. റവ. സി. ഡി. ഏബ്രഹാം ലോക്കൽ കൺവീനറായും ബ്രദർ ഡേവിഡ് കുരുവിള ലോക്കൽ കോർഡിനേറ്ററായും, ബ്രദർ ജോർജ്ജ് വർഗീസ്, റവ. റെജി പി. ചെറിയാൻ, റവ. റെജി പി. ചെറിയാൻ, റവ. സിസിൽ മാത്യു എന്നിവർ ലോക്കൽ കമ്മറ്റി ഭാരവാഹികളായും പ്രവർത്തിച്ചു വരുന്നു. ദൈവസഭയിലെ വിശ്വാസികൾ വളരെ ആഗ്രഹത്തോടും പ്രതീക്ഷയോടും, അതിലേറെ പ്രാർത്ഥനയോടും കാത്തിരിക്കുന്ന ദിവസങ്ങളാണു ഇനിവരാനുള്ളത്. ദൈവജനത്തിന്റെ ഒത്തുചേരലിന്റെയും കൂട്ടായ്മയുടെയും ആത്മീയ പരിപോഷണത്തിന്റെയും നല്ല ദിനത്തെ വരവേൽക്കാൻ ദൈവസഭകളും വിശ്വാസിമക്കളും തയ്യാറായിക്കഴിഞ്ഞു.

# പി.വൈ.പി.എ ഭാരവാഹികൾ



റ്റിബിൻ തോമസ് (പ്രസിഡന്റ്)



ഗ്ലാഡ്വിൻ ജോസ് (സെക്രട്ടറി)



കെവിൻ തോമസ് (ട്രഷറാർ)

**മാവേലിക്കര:** ആലപ്പുഴ ഈസ്റ്റ് സെന്റർ പി.വൈ.പി.എയുടെ 2015-ലെ പ്രവർത്തന ഉദ്ഘാടനം ജൂൺ 14-ന് മാവേലിക്കര ശാലോം ഹാളിൽ നടന്ന പൊതു സമ്മേളനത്തിൽ പാസ്റ്റർ എം.ഒ. ചെറിയാൻ ഉദ്ഘാടനം ചെയ്തു. പി.വൈ.പി.എ വൈസ് പ്രസിഡന്റ് ഇവാ. സിനോജ് ജോർജ് മുഖ്യസന്ദേശം നൽകുകയും ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. സിംഗ് കോറസ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 2015 – 2018 വർഷത്തേക്കുള്ള ഭാരവാഹികളായി റ്റിബിൻ തോമസ് (പ്രസിഡന്റ്), പാസ്റ്റർ സാം ജോൺ, ഡോ.ജോജി ഗീവർഗ്ഗീസ് (വൈസ് പ്രസിഡന്റ്), ഗ്ലാഡ്വിൻ ജോസ് (സെക്രട്ടറി), നിഥിൻ ചാക്കോ (ജോ. സെക്രട്ടറി), കെവിൻ തോമസ് (ട്രഷറാർ), ലിജോ ജോൺ (പബ്ലിസിറ്റി കൺവീനർ), അജീഷ് ജോയി, ഫെബിൻ ഫിലിപ്പ്, സെറിൻ, റോബിൻ രാജൻ, ഫെയ്ത്ത് വർഗ്ഗീസ് (കമ്മറ്റി അംഗങ്ങൾ) എന്നിവരെയും തിരഞ്ഞെടുത്തു.

## ഡോ.കോര സംസാരിക്കുന്നു



1. ഐ. പി. സി.യിൽ ആകെ പ്രശ്നങ്ങളാണല്ലോ കോരേ. എന്താണ് കാരണമെന്ന് കോരയ്ക്കറിയാമോ? **– സുബിൻ കുമ്പനാട്**

*വിതച്ചത് കൊയ്യുന്ന സമയമാണ് ഇപ്പോൾ. അമർത്തി കുലുക്കി കവിയുന്നൊരളവായി മടിയിൽ കിട്ടുന്ന കാലമാണിത്.*

2. ചിങ്ങവനം സഭയിൽ പ്രശ്നമാണെന്ന് കേൾക്കുന്നല്ലോ. പിളർപ്പിന് സാധ്യതയുണ്ടെന്നും കേൾക്കുന്നു. കോര എന്തു പറയുന്നു? **– ബിജു, കോട്ടയം**

*ദർശനം മങ്ങിപ്പോയ ഏലിപുരോഹിതന്റെ അവസ്ഥ പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ.*

3. നെയ്മർ കപ്പ് ഉയർത്തുന്നതിനുമുമ്പ് യേശുവിനെ ഉയർത്തിയെന്ന് ഒരു പെന്തെക്കോസ്ത് പത്രത്തിൽ കണ്ടു. അതേ നെയ്മറിനെ കളിക്കളത്തിൽ അടിപിടിയുണ്ടാക്കിയതിന് ചുവപ്പു കാർഡ് നൽകി പുറത്താക്കിയെന്ന് മനോരമയിലും കണ്ടു. കോര എന്തു പറയുന്നു? **– എബി കുമ്പനാട്**

*ഈ പെന്തെക്കോസ്ത് പത്രത്തിൽ ആരെയൊക്കെ പൊക്കിയിട്ടുണ്ടോ അവർക്കെല്ലാം ഒന്നുകിൽ ജയിൽ അല്ലെങ്കിൽ ചുവപ്പുകാർഡ്.*

4. ഈ ഗുണ്ടാപ്പട എന്നെ വീട് കയറി ആക്രമിക്കുമോ എന്ന ഭയം ഉണ്ടെന്ന് ഒരു പത്രാധിപർ കരയുന്നത് കോര വായിച്ചോ? **– കുഞ്ഞ്, ഇലന്തൂർ**

*ചില വർഷങ്ങൾക്കുമുമ്പ് ഒരു പുത്തൻ പെന്തെക്കോസ്തുമായി ചേർന്ന് ഇവിടുത്തെ പത്രക്കാരെ ആക്രമിക്കുന്നതിന് ഒത്താശ ചെയ്ത കാര്യങ്ങളെല്ലാം ഈ പത്രാധിപർ സൗകര്യപൂർവ്വം മറന്നതായിരിക്കാം.*




## കവിത



# ജീവിത വിചിന്തനം

പാസ്റ്റർ
പ്രവീൺകുമാർ. ബി

മനസ്സിനടിമയാം മനുഷ്യൻ അറിയുന്നില്ലൊന്നും
അവൻ ചിന്തീപ്പതു തനിക്കു സംഭവിക്കുന്നതായും
തന്നുടെ ചെയ്തികളായി മാറി തൽഫലമെന്നതു
ശരിയായതിനോ തെറ്റിനോ അതോ അവനുടെ-
സന്തോഷസങ്കടത്തിനു വഴിതുറക്കുമെന്നതോ!
ഉറക്കമുണർന്നപ്പോൾ ചിന്തയിൽ മയങ്ങിയോൻ
ഉണർന്നു തന്നാഗധമാം ചിന്തയിൽ നിന്നും
ഇടിമുഴക്കത്തിനുമപ്പുറമൊരു നടുക്കത്തോടെ-
മഴനീരിനായ് കാത്തിരിക്കും ഭൂമിയെപ്പോൽ

തൽസമയമോ മേയുന്ന തൻ ചിന്തകൾ
യാഥാർത്ഥ്യമാം തൽ ജീവിത മേടുകളതിൽ
സംഭവിപ്പതു വിപരീതമെങ്കിലോ
സങ്കടപ്പെടുമഴ കോരിചൊരിയുന്നതിൽ
യഥേഷ്ഠമില്ലാതില്ലതിലൊരതിശയോക്തിയും-
യിനിവകയുണ്ടതിലതിശയിപ്പതിനുമാനന്ദിപ്പതിനും
ചിന്തിച്ചതൊക്കെയനുകൂല പ്രതിഫലമായി
തനിക്കുതൻ ജീവിതത്തിൽ സംഭവിച്ചത്

ഹേ മനുഷ്യാ! ചിന്തിപ്പതിനു മുന്നവേ
ചിന്തിക്കേണ്ടതുണ്ടു നിൻ ജീവൻ പ്രധാനമായ്
അതെന്താകുമെന്നു നിൻ ഹൃത്തടത്തിലെങ്കിലോ
ഉണ്ടൊരു നല്ലുത്തരമതിനു മറുപടിയായി
കേട്ടോളു താങ്കളറിഞ്ഞോളു -
ചിന്താചലന ശക്തിയുള്ളവനേ
നീയെങ്ങനെയീപ്പാരിൽ വന്നുയെന്നു-
ചിന്തിപ്പാൻ കഴിവുള്ള നിൻ മനസ്സിനുടമയെങ്കിൽ
യീചിന്തയാണു നിൻ ജീവമഹാത്മാവിനെ
ചുവർ ചിത്രമെന്നപ്പോൽ നിൻ കൺമുമ്പിൽ
മറുത്തരുവുമായി വന്നു നിന്നെ വഴിതെളിപ്പൂ

ഈ നല്ലുത്തരമടുപ്പിക്കുമിനി നിന്നെ-
ജീവദായകനാം ദൈവത്തിൽ തിരുമുമ്പിൽ
തൻ ദിവ്യപുത്രനാം ശ്രീയേശു നാഥനരികിൽ
അറിയാതിരുന്നറിഞ്ഞവർ ആഹ്ലാദചിത്തരായി-
പുനരുത്ഥാനം ചെയ്തു സ്വർഗ്ഗ ഗേഹത്തിൽ നിന്നും
വാഗ്ദത്തമരുളിയപ്പോൾ വീണ്ടും വരുന്നവനാം
അരുമ മണവാളനെ നിനച്ചു ജീവകാലം മുഴുവൻ
ഇതിൽ പരം നല്ലുത്തരം വേറെന്തുള്ളു പാരിൽ!!

## കല്ലുകടി

# മനു മത്തായിയുടെ പ്രവചനം

പെന്തെക്കോസ്തിൽ കള്ളപ്രവചാകന്മാരുടെ കൊയ്ത്തുകാലമാണ്. തങ്ങൾ പ്രവാചകരാണെന്ന് മറ്റുള്ളവർ അറിയുവാൻ വിസിറ്റിംഗ് കാർഡിൽ പ്രവാചകൻ എന്നുകൂടി അച്ചടിക്കുന്ന ഉപദേശിമാരുണ്ട്. ഒട്ടുമിക്കവരും തനി ഫ്രോഡുകളാണ്. അതുകൊണ്ട് സംഭവിച്ച ദോഷം ഒറിജിനൽ ഏത് ഡ്യൂപ്ലിക്കേറ്റേതെന്ന് തിരിച്ചറിയുവാൻ കഴിയാത്തതുകൊണ്ട് ഒറിജിനലിനെയും സംശയ ദൃഷ്ടിയോടെയാണ് ജനം ഇപ്പോൾ വീക്ഷിക്കുന്നത്. പ്രവാചകന്മാർ തമ്മിലും ഗ്രൂപ്പു തിരിഞ്ഞുള്ള കൂട്ടുകെട്ടുണ്ട്. തങ്ങളുടെ ഗ്രൂപ്പിലുള്ളവർക്ക് പ്രോഗ്രാം പിടിച്ചുകൊടുക്കുകയും എതിർ ഗ്രൂപ്പുകാരെ താറടിക്കുകയും ചെയ്യുന്ന കളിയും ഇക്കൂട്ടരുടെയിടയിലുണ്ട്. എന്നു പറഞ്ഞാൽ പ്രവാചക യൂണിയൻ ശക്തമാണെന്നർത്ഥം. ചിലയിടങ്ങളിൽ യൂണിയൻ തൊഴിലാളികൾക്കുമാത്രം കയറ്റിയിറക്കുവാൻ അനുമതിയുള്ളൂ എന്നതുപോലെയാണ് ഇക്കൂട്ടരുടെയും കളി. തത്തയുമായി നടന്ന് ലക്ഷണം പറയുന്ന ആളുകളെപ്പോലെയാണ് ഇന്നത്തെ പ്രവാചകർ പലരും. പ്രോഗ്രാം കിട്ടുവാൻ പലവിധ നമ്പരുകൾ ഇക്കൂട്ടർ ഇറക്കി കളയും. പ്രവാചകന്മാർ പണ്ടേ തന്ത്രശാലികളാണ്. ബിലെയാമിന്റെ പിൻഗാമികളായ ഇവർ പണത്തിനുവേണ്ടി എന്തും ചെയ്യും.

കോട്ടയംകാരനായ മനു മത്തായി പ്രവചനം കേൾക്കുവാൻ വിളിക്കൂ എന്ന് പറഞ്ഞ് ഒരു പ്രമുഖ പത്രത്തിൽ പരസ്യം കൊടുത്തതും അതിനുശേഷം ഉണ്ടായ രസകരമായ കാര്യങ്ങളും നവമാധ്യമങ്ങളിൽ വൈറലാണ്. പ്രവചനം എന്താണ് എന്ന് പൗലോസ് കൊരിന്ത്യലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. ഫോണിൽകൂടി പ്രാർത്ഥിച്ച് ദൂതുപറയുകയും പിന്നീട് വീട്ടിൽ വന്ന് പ്രാർത്ഥിച്ച് കെട്ടുകൾ അഴിക്കാമെന്ന് പറയുകയും ചെയ്യുന്ന പ്രവാചകന്റെ തന്ത്രം ഫോൺവിളിച്ച ആൾ പൊളിക്കുന്നു. തുടർന്ന് പ്രവാചകന്റെ വിശ്വരൂപമാണ് വെളിപ്പെടുന്നത്. ഇത് ഒരു സാമ്പിൾ ആണ്. ഇത്തരം കള്ള പ്രവാചകന്മാർ പെന്തെക്കോസ്തിന്റെ ലേബലിൽ ചുറ്റി നടക്കുന്നു. സഭയുടെ ശുശ്രൂഷകനറിയാതെ രഹസ്യമായി പ്രാർത്ഥന നടത്തുന്ന വീട്ടുകാരാണ് ഇത്തരക്കാരെ പോറ്റിപുലർത്തുന്നതിൽ ബഹുഭൂരിപക്ഷവും.

**അടിക്കുറിപ്പ്:** ആദ്യം തലയിൽ കൈവച്ച് അന്യഭാഷ പറയും പിന്നീട് മലയാളം പറയും ഇതിന് വ്യാഖ്യാനം എന്നാണ് വേദപുസ്തകഭാഷ്യം. പക്ഷെ, ഇക്കാലത്ത് ഇതിനെ പ്രവചനം എന്ന് വിളിക്കുന്നു.


## അഡ്മിഷൻ 2015

| Course | Duration | Total Fee |
|---|---|---|
| B.Sc കാർഡിയാക്ക് പെർഫ്യൂഷൻ ടെക്നോളജി | 3 Years 6 Months | 3,50,000 (total Package) |
| B. Sc ഒപ്ടോമെട്രി | 3 Years 6 Months | 3,50,000 (total Package) |
| B. Sc നഴ്സിംഗ് | 4 Years | 2,75,000 (total Package) |
| B. Sc റേഡിയോളജി | 3 Years | 3,00,000 (total Package) |
| Post B. Sc | 2 Years | 1,50,000 (2016 Exam) |
| M. Sc നഴ്സിംഗ് | 3 Years | 2,50,000 (total Package) with stipend free food and accomodation |

ഏത് ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ ക്രമീകരിച്ച് നൽകുന്നതാണ്

For Admission Booking Call us @ 09539465676

## വേദ പഠനം

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഒരു സ്ത്രീയായി എനിക്കു ജന്മം നല്കാത്തതിനാൽ ഞാൻ അങ്ങയെ സ്തുതിക്കുന്നു എന്നായിരുന്നു യഹൂദപുരുഷന്മാരുടെ പ്രാർത്ഥന. സ്ത്രീകളോടുള്ള വിവേചനം ഈ പ്രാർത്ഥനകളിൽ സ്പഷ്ടമാണ്. സ്ത്രീകൾക്കു തീരുമാന ശക്തിയോ പങ്കാളിത്തമോ ലഭിച്ചിരുന്നില്ല. ആഹാരം പാകം ചെയ്യുമ്പോൾ പാകപ്പിഴ സംഭവിച്ചാൽ പോലും ഭാര്യമാരെ ഉപേക്ഷിക്കുന്വാൻ ഹില്ലേൽ എന്ന യഹൂദമത പണ്ഡിതൻ പഠിപ്പിച്ചിരുന്നു. മറ്റൊരു സുന്ദരിയായ പെൺകുട്ടിയെ കണ്ട് ഇഷ്ടപ്പെട്ടാൽ ഭാര്യയായി സ്വീകരിക്കുവാനും ഭാര്യയായിരുന്നവളെ ഉപേക്ഷിക്കുവാനും അക്കിബ എന്ന യഹൂദ റബ്ബിയും ഉപദേശിച്ചിരുന്നു. ഗ്രീക്ക് സംസ്കാരവും അരിസ്റ്റോട്ടിലും പ്ലേറ്റോയും സ്ത്രീകളെ താഴ്ന്നവരായി കണ്ടിരുന്നു. സ്ത്രീകളെ കേവലം സന്തോഷത്തിനും ശാരീരിക സുഖങ്ങൾക്ക് വേണ്ടിയും ഭാര്യമാർ സന്താനങ്ങൾ ഉണ്ടാകുവാനും കുടുംബത്തെ സംരക്ഷിക്കുന്നതിനും വേണ്ടിയുമാണ് സ്ത്രീകൾഎന്നാണ് ഗ്രീക്കുകാർ ചിന്തിച്ചിരുന്നത്. യഹൂദ പാരമ്പര്യത്തിലെന്നവണ്ണം ഗ്രീക്കുകാരുടെ സമൂഹത്തിലും സ്ത്രീകൾക്ക് മാന്യത കല്പിച്ചിരുന്നില്ല. ഗ്രീക്കു സംസ്കാരത്തിന്റെ ആചാര്യന്മാരായിരുന്ന അരിസ്റ്റോട്ടിലും പ്ലേറ്റോയും സ്ത്രീകളെ താഴ്ന്നവരായി കണ്ടിരുന്നു. കൊര്യന്തിലെ വിജാതീയ ആരാധനാലയങ്ങളോടും മറ്റും ചേർന്നു നൂറുകണക്കിനു ദേവദാസികൾ ഉണ്ടായിരുന്നു. അന്തസ്സും മാന്യതയും ഉള്ള സ്ത്രീകൾ സ്വഭവനങ്ങളിൽ ഒതുങ്ങി കഴിഞ്ഞുകൂടുകയായിരുന്നു. നിശ്ചിത വസ്ത്രങ്ങളും ആഭരണങ്ങളും അണിയുവാൻ ചിലർക്കു മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. എന്നാൽ റോമൻ ആചാരമനുസരിച്ച് പുരുഷമേധാവിത്വം ഉണ്ടായിരുന്നുവെങ്കിലും സ്ത്രീകളുടെ നിലയും വിലയും അല്പം ഭേദമായിരുന്നു. പുരുഷന്മാരോടൊത്ത് പൊതുസ്ഥലങ്ങളിലും പൊതുവേദികളിലും പ്രത്യക്ഷപ്പെടാമായിരുന്നു. എന്നാൽ ഭാര്യമാർ ഗർഭം ധരിക്കുന്നില്ലെങ്കിൽ വിവാഹ മോചനം നടത്തുക എന്നതും പുരുഷന്മാരുടെ പ്രവണതയായിരുന്നു.



സ്ത്രീകളുടെ അലങ്കാരം, അലങ്കാരഭ്രമം വളരെ വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടമാണ് ഇന്നത്തേത്. അമേരിക്കൻ ജനത അവരുടെ വരുമാനത്തിന്റെ മുക്കാൽ ഭാഗത്തോളം പണം ചെലവഴിക്കുന്നത് കൃത്രിമ സൗന്ദര്യവർദ്ധനയ്ക്കും സുഗന്ധ ദ്രവ്യങ്ങൾക്കും ശാരീരികാലങ്കാരത്തിനും മറ്റുമാണ്. ഇന്നത്തെ ലോകവും ശരീരാലങ്കാരങ്ങൾക്കുവേണ്ടി നല്ലൊരു തുക ചെലവാക്കുന്നുണ്ട്. പണം പണ്ടത്തേതിലും പതിന്മടങ്ങു പെരുകിയെങ്കിലും ആവശ്യങ്ങൾക്കു തികഞ്ഞു പറ്റുന്നില്ല. ചെലവിന്റെ കണക്കു നോക്കിയാൽ ഭക്ഷണത്തിനും മറ്റു അത്യാവശ്യകാര്യങ്ങൾക്കും തുച്ഛമായ ഒരു തുകമാത്രമേ ചെലവാക്കുന്നുള്ളൂ. ആഡംബര ജീവിതത്തിനും അലങ്കാരത്തിലും ധാരാളം പണം ചെലവാക്കുന്നു. അലങ്കാരത്തെക്കുറിച്ച് സുപ്രസിദ്ധ സുവിശേഷക പ്രഭാഷകനും ഗാനരചയിതാവുമായ എം.ഇ. ചെറിയാൻ മധുര പറയുന്നത്, ദൈവമക്കൾക്ക് അലങ്കാരം അതിൽ തന്നെ തെറ്റില്ല. ദൈവം ആകാശമണ്ഡപത്തെ താരഗണങ്ങൾ കൊണ്ടു ഭൂമിയെ പച്ചവിരിച്ചിരിക്കുന്നു. പ്രകൃതി സുന്ദരമാണ്. അവിടുന്നു സകലവും അതതിന്റെ സമയത്ത് ധാഗിയായി ചെയ്യുന്ന സഭാ:3:11. താഴ്മയുള്ളവരെ ദൈവം രക്ഷ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. സങ്കീ:149:4, മണവാളൻ തലപ്പാവ് അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ നമ്മെ രക്ഷാവസ്ത്രം ധരിപ്പിക്കുന്നു. നീതി എന്ന അങ്കി ഇടുവിക്കുന്നു. യെശ:61:10, സഹോദരനായ അഹരോനുവേണ്ടി മഹത്വത്തിനും അലങ്കാരത്തിനുമായി വിശുദ്ധ വസ്ത്രം ഉണ്ടാക്കണം എന്നു ദൈവം മോശെയോട് കല്പിച്ചു. പുറ:28:2,യെരുശലേമിലെ യഹോവയുടെ ആലയത്തെ അലങ്കരിക്കേണ്ടതിനു ദൈവം രാജാവിനു തോന്നിച്ചു. എബ്രാ:7:27, അലങ്കാരം ദൈവം ഇഷ്ടപ്പെടുന്നു. നമ്മുടെ നിത്യവാസസ്ഥലമായ പുതിയ യെരുശലേം എന്ന വിശുദ്ധനഗരം കർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതു യോഹന്നാൻ കണ്ടു. വെളി:21:2, ദൈവസഭയുടെ സദൃശ്യമായ അന്തഃപുരത്തിലെ രാജ്ഞി ശോഭാപരിപൂർണ്ണയാകുന്നു. അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളത്, സങ്കീ:45:13,

### – തുടർച്ച–

സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽ നിന്നു പ്രകാശിക്കുന്നു. സങ്കീ:50:2. ശൂലേംകാരത്തി അവളുടെ പ്രിയനെ വർണ്ണിക്കുന്നു. എന്റെ പ്രിയൻ വെൺമയും ചുമപ്പുമുള്ളവൻ പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ. അവന്റെ ശിരസ്സു അതിവിശേഷമായ തങ്കം, ഉത്തമ:5:10. ശൂലേംകാരത്തിയേ കവിൾത്തടങ്ങൾ രത്നാവലികൊണ്ടു കഴുത്തുമുത്തുമാല കൊണ്ടു ശോഭിതയായിരുന്നു, ഉത്തമ:1:10, സൗന്ദര്യവും അലങ്കാരവും തെറ്റല്ല. നാം പ്രശോഭിതരും അലംകൃതരുമായിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന അലങ്കാരം എന്താണ്. തിരുവെഴുത്തു പറയുന്നു, വിശുദ്ധഭൂഷണം ധരിച്ചുകൊണ്ട് യഹോവയായ നമസ്കരിപ്പിൻ, 1 ദിന:16: 29തിലും വിശുദ്ധലങ്കാരം ധരിച്ചു യഹോവയെ നമസ്കരിപ്പിൻ എന്നു സങ്കീ:29:2ലും വായിക്കുന്നു. ദൈവജനത്തെ സങ്കി:110:5ൽ വിശുദ്ധ വസ്ത്രാലങ്കാരത്തോടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നുള്ള യുവാക്കളായ മഞ്ഞ് എന്നു ചിത്രീകരിച്ചിരിക്കുന്നു. വിശുദ്ധനായ ദൈവം നാം വിശുദ്ധ വസ്ത്രാലകൃതരായിരിക്കുവാൻ ആഗ്രഹിക്കുന്നു. വിശ്വാസികൾ വെള്ള വസ്ത്രം ധരിച്ചുകൊണ്ട് ഒരാൾ വിശുദ്ധനാകയില്ല. അതിന്റെ വെൺമയ്ക്കു നിദാനമായത് വിശുദ്ധന്മാരുടെ നീതീപ്രവർത്തികൾ ആണ്. ദൈവസന്നിധിയിൽ കാണുന്ന വെൺമ നമ്മുടെ ചുറ്റുപാടുകളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്ന തുണിയുടെ നിറമല്ല.

04






# വാഹനപകടത്തിൽ അഞ്ച് വയസുകാരി മരിച്ചു



**വെള്ളറട:** പിറന്നാൾ ദിവസം രാത്രി പപ്പയുടെ മടിയിലിരുന്ന് യാത്ര ചെയ്യുമ്പോൾ അപകടത്തിൽപ്പെട്ട് അഞ്ചുവയസുകാരി ബ്ലസി മരിച്ചു. തിരുവനന്തപുരം വെള്ളറട കാരമൂട്, അമ്പലത്തുവിളാകം ബഥേൽ ഹൗസിൽ ഐപിസി വെള്ളറട സെന്റിലെ മൈലച്ചൽ സഭാശുശ്രൂഷകനുമായ സുവിശേഷകൻ എം. മനോജിന്റെ മകൾ ബ്ലസി (5) ആണ് മരിച്ചത്. രണ്ടുപേർക്ക് പരിക്കേറ്റു. ആലപ്പുഴ ദേശീയപാതയിൽ പട്ടണക്കാട് പൊന്നാംവെളിക്ക് സമീപം ജൂൺ 5-ാം തീയതി പുലർച്ച 3.30നായിരുന്നു അപകടം. സമീപത്തു കൂടി ലോറ കടന്നുപോകുന്നതിനിടെ നിയന്ത്രണം വിട്ട വാൻ മീഡിയനിൽ ഇടിച്ചു മറിയുകയായിരുന്നു. മുൻസീറ്റിലിരുന്ന സുവി. മനോജിന്റെ മടിയിലിരിക്കുകയായിരുന്നു ബ്ലസി തുറന്നുപോയ വാതിലിലൂടെ തെറിച്ചുവീണ് തലയ്ക്ക് ഗുരുതരമായ പരുക്കേറ്റു. ശവസംസ്കാരം അന്നു തന്നെ സ്വവസതിയിൽ നടന്നു. ഭവനത്തിൽ നടന്ന ശുശ്രുഷയ്ക്ക് സെന്റർ പാസ്റ്റർ എം.ആർ. കമൽരാജ് നേതൃത്വം വഹിച്ചു. പാസ്റ്റർ കെ.സി. തോമസ് ശവസംസ്കാര ശുശ്രൂഷ നടത്തി. പാസ്റ്റർമാരായ സി. എബനേസർ, സ്റ്റാൻലി ജോൺ, എച്ച്. എബനേസർ, ജോസ്പ്രകാശ് , സിസ്റ്റർ ലിസി ജോൺ, ശോബനദാസ് തുടങ്ങി അനേക ദൈവദാസന്മാർ അനുശോചനം അറിയിച്ചു. വെള്ളറട സെവന്ത് ഡേ സ്കൂളിലെ യു.കെ.ജി വിദ്യാർത്ഥിനിയാണ് ബ്ലസി. മാതാവ്: ബീന, സഹോദരി: അനഘ

# പാസ്റ്റേഴ്സ് കെയർ സെന്റർ ഓഫീസിന് തറക്കല്ലിട്ടു



**തിരുവല്ല:** ബീഹാർ മിഷൻ മുണ്ടിയപ്പള്ളിയിൽ ആരംഭിക്കുന്ന പാസ്റ്റേഴ്സ് കെയർ സെന്ററിന്റെ ഓഫീസ് കെട്ടിടത്തിന് ജൂൺ 13-ാം തീയതി റവ. പി. ജെ. ജയിംസ് (ഓവർസിയർ, ചർച്ച് ഓഫ് ഗോഡ് കേരള) തറക്കല്ലിട്ടു. തുടർന്ന് നടന്ന ആലോചനായോഗത്തിൽ പാസ്റ്റർ തോമസ് എം. പുളിവേലിൽ അധ്യക്ഷത വഹിക്കുകയും, കാനം അച്ചൻ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

ഒരു പുരുഷായസ് മുഴുവൻ ദൈവവേല ചെയ്യുകയും ഇപ്പോൾ ആരുടെയും ആശ്രയമില്ലാത്തതുമായ ദൈവദാസന്മാരെ സംരക്ഷിക്കുക എന്ന ബീഹാർ മിഷന്റെ ദർശനലും ദൗത്യവും സംബന്ധിച്ച കർമ്മപദ്ധതികളെ കുറിച്ച് പാസ്റ്റർ അലക്സ് ജേക്കബ് (ഡയറക്ടർ, ബീഹാർ മിഷൻ) വിഷയാവധരണം നടത്തി. തുടർന്ന് നടന്ന ചർച്ചകൾക്ക് ജയ്സ് പാണ്ടനാട് നേതൃത്വം കൊടുത്തു. സജി ഫിലിപ്പ് തിരുവഞ്ചൂർ, ഷാജി അലിമുക്ക്, അനിയൻ കുഞ്ഞ് കെ. കെ., കെ. കെ. രവി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പ്രമുഖ സഭാസംഘടാനേതാക്കന്മാരും മാധ്യമപ്രവർത്തകരും ആശംസകളറിയിച്ചു. ബീഹാർ മിഷൻ പാസ്റ്റേഴ്സ് കെയർ സെന്ററിന്റെ പ്രവർത്തനരീതികൾ, ഭാവി പ്രൊജക്റ്റുകൾ എന്നിവയെ കുറിച്ച് പാസ്റ്റർ ഷെർവിൻ ജേക്കബ് (പ്രസിഡന്റ്, ബീഹാർ മിഷൻ) അറിയിച്ചു. സന്തോഷ് ജോസഫ് കൃതജ്ഞത അറിയിച്ചു.

# ശുശ്രൂഷക കുടുംബ സംഗമം

**ആലപ്പുഴ:** ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്ററിലെ ശുശ്രൂഷക കുടുംബ സംഗമം ജൂൺ 17-ന് ചെട്ടിക്കാട് ഐ.പി.സി ഹാളിൽ നടന്നു. സെന്റർ ശുശ്രുഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാസ്റ്റർ ടി.പി. ദാനീയേൽ മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ എൻ. സ്റ്റീഫൻ, ജോസഫ് ജോൺ, ഷാജു ശാമുവേൽ എന്നിവർ നേതൃത്വം നൽകി.

# എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം ഗ്രാജുവേഷൻ

**തിരുവല്ല:** കുട്ടികളുടെ ഇടയിലെ സുവിശേഷികരണ രംഗത്ത് വിജയകരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എക്സൽ മിനിസ്ട്രീസിന്റെ പരിശീലന വിഭാഗമായ എക്സൽ സ്കൂൾ ചൈൽഡ് ഇവാഞ്ചലിസത്തിന്റെ മുന്നാമത് ബിരുദദാന ചടങ്ങും അവാർഡ് വിതരണവും 2015 ജൂൺ 27-ാം തീയതി മാരാമൺ മർത്തോമ്മ റീട്രീറ്റ് സെന്ററിൽ വെച്ച് നടത്തപ്പെടും. പ്രസ്തുത മീറ്റിംഗിൽ രവ. ഡോ.ബി.വർഗ്ഗീസ് (പ്രിൻസിപ്പാൾ, ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി) മുഖ്യ പ്രഭാഷണം നിർവ്വഹിക്കുന്നു. റവ. തോമസ്സ് പുളിവേലിൽ (ചെയർമാൻ, എക്സൽ വിബിഎസ്സ്) മുഖ്യാതിഥി ആയിരിക്കും.

അന്നേ ദിവസം എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചിസത്തിന്റെ 5-ാം ബാച്ചിന്റെ പ്രവേശനോത്ഘാടനവും ബ്രദർ വർക്കി എബ്രഹാം കാച്ചനത്ത് (ചെയർമാൻ, എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം) നിർവ്വഹിക്കുന്നതാണ്. ഒരു വർഷം ദൈർഘ്യമുള്ള ഈ കോഴ്സിൽ പ്ലസ്സ് ടു യോഗ്യതയുള്ളതും, കുട്ടികളുടെ ഇടയിൽ പ്രവർത്തിപ്പാൻ സമർപ്പണമുള്ളതുമായ യുവതി യുവാക്കൾക്ക് ചേർന്ന് പഠിച്ച് IATA അംഗീകാരമുള്ള DCE സർട്ടിഫിക്കറ്റ് കരസ്ഥമാക്കാവുന്നതാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എക്സൽ മിനിസ്ട്രീസിൽ ചേർന്ന് പ്രവർത്തിക്കുവാൻ അവസരവും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 9744325604

# ബീഹാർ മിഷൻ പാസ്റ്റേഴ്സ് കെയർ സെന്റർ

ദൈവിക ദർശനപ്രകാരം ദീർഘനാളത്തെ പ്രാർഥനയുടെ ഫലമായി, ഭാരതപെന്തക്കോസ്തു പ്രസ്ഥാനങ്ങളിലെ പ്രഥമസംരംഭമായ **പാസ്റ്റേഴ്സ് കെയർ സെന്റർ** ബീഹാർ മിഷന്റെ നേതൃത്വത്തിൽ മുണ്ടിയപ്പള്ളിയിൽ (തിരുവല്ല) ആരംഭിക്കുന്നു. ഒരു പുരുഷായുസ്സ് മുഴുവനും കർത്തൃവേലയിൽ ആയിരിക്കുകയും, സ്വന്തമായി സ്ഥലമോ ഭവനമോ ഇല്ലാത്തതും, മക്കളുടെയോ, ബന്ധുക്കളുടെയോ, സഭയുടെയോ, സംഘടനയുടെയോ സഹായമോ ലഭിക്കാത്തതുമായ നിർധനരായ ദൈവദാസന്മാർക്ക് സൗജന്യമായി കെയർ സെന്ററിൽ പ്രവേശനം നല്കുന്നു. ആദ്യമായി കേരളത്തിലെ ഓരോ ജില്ലയിൽ നിന്നും ഓരോരുത്തർക്ക്, ഉത്തരവാദിത്വപ്പെട്ട സഭയുടെയോ ബന്ധുക്കളുടെയോ ശുപാർശയോടെ 2015 ജൂലൈ അവസാനം മുതൽ പ്രവേശനം നല്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്:**

പാസ്റ്റർ ഷെർവിൻ ജേക്കബ് - +91 7541877533, പാസ്റ്റർ അലക്സ് ജേക്കബ് +91 9661116558, പാസ്റ്റർ സന്തോഷ് ജോസഫ് +91 9744797080 (ഓഫീസ്)

# സൺഡേസ്കൂൾ സെന്റർ ക്യാമ്പ് ഒക്ടോബർ 21 മുതൽ

**തിരുവല്ല:** ഐ.പി.സി. സൺഡേസ്കൂൾ അസോസിയേഷൻ സെന്റർ അധ്യാപക, വിദ്യാർത്ഥി ക്യാമ്പ് 2015 ഒക്ടോബർ 21 മുതൽ 24 വരെ കൊമ്പാടി മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ നടക്കും. ക്യാമ്പിന്റെ വിപുലമായ ക്രമീകരണങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുള്ള സമ്മേളനം ജൂൺ 14 ഞായറാഴ്ച 4 മണിക്ക് മഞ്ഞാടി ഐ.പി.സി. പ്രെയർ സെന്ററിൽ നടക്കും. ആലോചനാ സമ്മേളനത്തിൽ സെന്ററിലെ മുഴുവൻ പാസ്റ്റർമാരും ഹെഡ്മാസ്റ്റർമാരും സൺഡേസ്കൂൾ അധ്യാപകരും പ്രവർത്തകരും വിദ്യർത്ഥി പ്രതിനിധികളും പങ്കെടുക്കുവാൻ ഉത്സാഹിക്കുമല്ലോ.

Email:
beljourn@gmail.com

Website:
www.beljourn.com

# ചുമതലയേറ്റു



**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് ഷാർജ സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ വി. പി. തോമസ് പത്തനാപുരം ഡിസ്ട്രിക്ടിന്റെയും പത്തനാപുരം ലോക്കൽ സഭയുടെയും ചുമതല ഏറ്റെടുത്തു.

**ഫോൺ:** 9447270768

# റിവൈവൽ 2015

**കോയമ്പത്തൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കോയമ്പത്തൂർ ഒരുക്കുന്ന കൺവൻഷൻ ജൂലൈ 3, 4, 5 തീയതികളിൽ കോയമ്പത്തൂരുള്ള സുലൂർ ചർച്ച് ഓഫ് ഗോഡ് ഹാളിൽ വെച്ച് നടക്കും. റവ. എ. ജാക്ക് ഉദ്ഘാടനം നിർവ്വഹിക്കും. വേദാധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷണം നടത്തും. 5-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് യുവജന സമ്മേളനം ഉണ്ടായിരിക്കും.




# മൂല്യമുള്ള പെന്തെക്കോസ്ത് എന്റെ ദർശനം

## പ്രമുഖ ഗാനരചിയതാവും മ്യൂസിക് ഡയറക്ടറുമായ ഐസക് സാമുവേലുമായുള്ള (ബോബി ഇടപ്പാറ) അഭിമുഖം

*കുടുംബ പശ്ചാത്തലവും രക്ഷിക്കപ്പെടുവാനുണ്ടായ സാഹചര്യവും*

മൂവാറ്റുപുഴ നെല്ലാട് ഭാഗത്തു നിന്നും എന്റെ വല്യപ്പച്ചന്റെ പിതാവ് ഇടപ്പാറ ഇത്താപ്പിരി ഉപദേശി തൃശൂർ പീച്ചി ഭാഗത്ത് വന്ന് താമസമാക്കുകയും കേരളത്തിലെ പെന്തെക്കോസ്ത് ഉണർവ്വിന്റെ ആരംഭ കാലയളവിൽ തന്നെ സുവിശേഷ സത്യങ്ങൾക്ക് സാക്ഷ്യം വഹിക്കുവാനും ഇടയായിട്ടുണ്ട്. അങ്ങനെ പെന്തെക്കോസ്ത് പൈതൃകമുള്ള കുടുംബത്തിലാണ് ജനിച്ച് വളർത്തപ്പെട്ടത്. തൃശൂർ ആൽപ്പാറ ഹെബ്രോൻ ഹാളിൽ നടന്ന ഉപവാസപ്രാർത്ഥനയിലാണ് രക്ഷാനുഭവം പ്രാപിച്ചത്. ചെറുപ്പം മുതൽ സണ്ടേസ്കൂളിലും പി. വൈ. പി. എയിലും വളരെയധികം ആത്മീയ തീഷ്ണതയോടെ പ്രവർത്തിപ്പാനും ഇടയായിട്ടുണ്ട്.

*ചോദ്യം:* സുവിശേഷവേലയ്ക്ക് ഇറങ്ങുവാനുള്ള പ്രചോദനം?

*ഉത്തരം:* എന്റെ മാതാപിതാക്കൾക്ക് വിവാഹശേഷം പത്തുവർഷത്തോളം തലമുറയില്ലാതെ ഭാരപ്പെട്ടപ്പോൾ ഒരു തലമുറയെ ലഭിച്ചാൽ സുവിശേഷവേലയ്ക്കായി നൽകാമെന്ന് തീരുമാനിക്കുകയും അങ്ങനെ പ്രാർത്ഥനയുടെ ഫലമായി ഞാൻ ജനിക്കുവാനും ഇടയായിത്തീർന്നു. എന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇലക്ട്രോണിക് ഡിപ്ലോമയും കമ്പ്യൂട്ടർ ഹാർഡ്‌വെയർ & നെറ്റ് വർക്കിംഗ് എഞ്ചിനീയറിംഗ് കഴിഞ്ഞ് ബോംബെയിൽ ബ്യൂസ്റ്റാർ കമ്പനിയിൽ ജോലി ചെയ്യുമ്പോൾ സുവിശേഷവേലയ്ക്ക് ഇറങ്ങുവാനുള്ള ആഹ്വാനം ഉണ്ടായെങ്കിലും അനുസരിക്കാതെ യോനായെപ്പോലെ അനുസരണക്കേടിൽ തുടർന്നു. പെന്തെക്കോസ്തിന്റെ മൂല്യച്യുതിയും സുവിശേഷവേലയിലുള്ള കൃത്രിപ്പുകളും ആണ് ഇങ്ങനെയൊരു ചിന്തയിലേക്ക് നയിച്ചത്. 2005-ൽ സുവിശേഷവേലയ്ക്ക് ഇറക്കുമെന്നുള്ള ദൂത് പ്രവചനാത്മാവിൽ കേട്ടിരുന്നു. വിദേശ ജോലിക്കുള്ള എല്ലാ സാഹചര്യങ്ങളും ഒരുങ്ങിയെങ്കിലും ജോലി രാജി വെച്ച് കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജിൽ ദൈവവചനം അഭ്യസിക്കുവാനും ഇടയായിതീർന്നു.

*ചോദ്യം:* മാതാപിതാക്കൾ, കുടുംബം എന്നിവരെക്കുറിച്ച്?

*ഉത്തരം:* പിതാവ് ഇടപ്പാറ ഇ. എസ്. ഐസക് ബിൽഡിംഗ് കോൺട്രാക്ടറായി ജോലിചെയ്ത് വരവെ 1993-ൽ ശരീരത്തിന്റെ വലതുവശം തളർന്നുപോകുകയും ചികിത്സകൊണ്ട് രക്ഷപ്പെടാൻ കഴിയാത്ത വിധം രോഗിയായി തീരുകയും ചെയ്തു. ചികിത്സയ്ക്കായി വളരെയധികം പണം ചിലവഴിച്ചതിനാൽ കടംഭാരമേറി വിഷമത്തോടെ ആയിരുന്ന സമയത്ത് 1993-ൽ ജനുവരി 5-ാംതീയതി രാത്രി 2 മണിക്ക് 'സുവിശേഷവേലയ്ക്കായി സമർപ്പിച്ചാൽ രോഗം സൗഖ്യ'മാകുമെന്നുള്ള ദൈവശബ്ദം കേൾക്കുകയും തുടർന്ന് സുവിശേഷവേലയ്ക്കായി സമർപ്പണം ചെയ്തപ്പോൾ തന്റെ ശരീരത്തിൽ വൈദ്യുതി പ്രവഹിക്കുന്നതുപോലെ അനുഭവപ്പെടുകയും പൂർണ്ണ സൗഖ്യമുള്ളവനായി തീരുകയും ചെയ്തു. അങ്ങനെ പിതാവ് 1993-ൽ കുമ്പനാട് ഇന്ത്യാ



ബൈബിൾ കോളജിൽ ദൈവവചനം അഭ്യസിക്കുകയും വായ്പൂര്, എഴുമറ്റൂർ, മാവേലിക്കര, കോടുകുളഞ്ഞി, മണിപ്പാറ എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷ ചെയ്യുവാനും ഇടയായി. 2010 ഏപ്രിൽ 4 -ാം തീയതി പിതാവിന് ബ്രെയിൻ സ്ട്രോക്ക് ഉണ്ടാകുകയും മെയ് 29ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പിതാവിന്റെയും മാതാവിന്റെയും ശ്രമഫലമായി വായ്പൂര്, എഴുമറ്റൂർ എന്നീ പ്രദേശങ്ങളിൽ ശക്തമായ പെന്തെക്കോസ്ത് സഭകൾ ഉടലെടുത്തിട്ടുണ്ട്. മാതാവ് മല്ലപ്പള്ളി മേമഠത്തിൽ കുടുംബാംഗമായ തങ്കമ്മ ഞങ്ങളോടുകൂടെ പാഴ്സനേജിൽ താമസിച്ച് കർത്തൃവേലയിൽ പ്രയോജനപ്പെടുന്നു. ഭാര്യ പുറമറ്റം കുന്തറയിൽ ബിനി, മക്കൾ: അബിയ, ആരോൺ.

*ചോദ്യം:* കൺവൻഷൻ വേദിയിൽ ആദ്യ അവസരം?

*ഉത്തരം:* തൃശൂർ കണ്ണാറ, ഇടപ്പാറ ഭവനാങ്കണത്തിൽ വല്യപ്പച്ചൻ നേതൃത്വം കൊടുത്ത് നടത്തിയ സുവിശേഷയോഗത്തിലാണ് ആറാമത്തെ വയസ്സിൽ ആദ്യമായി സ്റ്റേജിൽ പാടിയത്. സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ പാടിയത് മല്ലപ്പള്ളി പാടിമൺ ഐ. പി. സി. സഭ നടത്തിയ കൺവൻഷൻ വേദിയിലാണ്. ചെറുപ്പത്തിൽ സണ്ടേസ്കൂളിലും പി. വൈ. പി. എ.യിലും നിന്ന് ലഭിച്ച പ്രോത്സാഹനങ്ങൾ വളരെ അനുഗ്രഹമായിരുന്നു. ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി. വി. മാത്യുവിന്റെ പ്രോത്സാഹനങ്ങളും ഉപദേശങ്ങളും വിലപ്പെട്ടതായിരുന്നു.

*ചോദ്യം:* ബൈബിൾ കോളജ് പഠനശേഷം ശുശ്രൂഷയിൽ എങ്ങനെ പ്രയോജനപ്പെടുന്നു?

*ഉത്തരം:* പഠനകാലളവിലും പി. ജി. കോഴ്സിനുശേഷവും വായ്പൂർ ഐ. പി. സി. സഭയുടെ സഹശുശ്രൂഷകനായി ഒരു വർഷത്തോളം പ്രവർത്തിച്ചു. തുടർന്ന് കറുകച്ചാൽ സെന്ററിൽ പാസ്റ്റർ റ്റി. എ. ചെറിയാനോട് ചേർന്ന് മൂന്നു വർഷം മല്ലപ്പള്ളി ശാലേം സഭയുടെ ശുശ്രൂഷയിലും പാലയ്ക്കത്തകിടി സഭയിലും ഇപ്പോൾ കീഴ്‌വായ്പൂർ ഏബനേസറിലും ശുശ്രൂഷയിലായിരിക്കുന്നു. കർത്തൃശുശ്രൂഷയിൽ പാസ്റ്റർ റ്റി. എ. ചെറിയാൻ നൽകുന്ന കൈതാങ്ങലും പ്രോത്സാഹനങ്ങളും വളരെ വിലപ്പെട്ടതാണ്. അദ്ദേഹത്തോടൊപ്പമുള്ള ശുശ്രൂഷകൾ ജീവിതത്തിൽ മറക്കാനാവാത്ത അനുഭവങ്ങളാണ്. കുമ്പനാട് ബൈബിൾ കോളജ് പഠന കാലയളവിൽ മ്യൂസിക് വർഷിപ്പ് ലീഡറായും പ്രവർത്തിച്ചു. ഗ്രാഡ്വേഷൻ തീം സോങ് രചിക്കുവാനും ഡയറക്ട് ചെയ്യുവാനും ഇടയായി തീർന്നതും കുമ്പനാട് ഐ. പി. സി. കൺവൻഷനിൽ തീം സോങ് എന്ന ആശയം കൊണ്ടുവരികയും ആദ്യത്തെ തീം സോങ് രചിക്കുവാനും തുടർന്നുള്ള കൺവൻഷനുകളിൽ മ്യൂസിക് ഡയറക്ഷൻ ചെയ്യുവാനും കൺവൻഷൻ സി. ഡി. യുടെ മ്യൂസിക് ഡയറക്ഷൻ നിർവ്വഹിക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി പ്രോത്സാഹനം നൽകിയ പാസ്റ്റർമാരായ വൽസൻ ഏബ്രഹാം, റോയി പൂവക്കാല, ജോസഫ് കെ. മാത്യു എന്നിവരോട് ഞാൻ കടപ്പാടുള്ളവനാണ്.

ചിൽഡ്രൻസ് മിനിസ്ട്രിയിൽ എക്സൽ വി. ബി. എസ്, തിമോഥി വി. ബി. എസ്, പവർ വി. ബി. എസ്. എന്നിവയ്ക്ക് ഗാനരചന നടത്തുവാനും അവസരം ലഭിച്ചിട്ടുണ്ട്. സംഗീതശുശ്രൂഷയിൽ 'അയോണ വോയ്സ്' എന്ന പേരിൽ മ്യൂസിക് ട്രൂപ്പ് രൂപീകരിച്ച് സംഗീതശുശ്രൂഷ നിർവ്വഹിക്കുന്നു. 'സ്തുതിക്കായ്, നാഥനായ്' തുടങ്ങിയ സി.ഡി.കൾ സ്വന്തമായി പുറത്തിറക്കുവാൻ സാധിച്ചു. 20 ഓളം സി. ഡി.യിൽ സംഗീതം നിർവ്വഹിക്കുകയും 150ഓളം ഗാനങ്ങൾ സ്വന്തമായി രചിച്ച് ഈണം പകരുവാനും ഇടയായിട്ടുണ്ട്.

ടീം പ്രവർത്തനത്തോടുള്ള ബന്ധത്തിൽ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിലും പരസ്യയോഗങ്ങളും മിനി കൺവൻഷനുകളും നടത്തി വരുന്നു. നോർത്തിന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും സുവിശേഷ പര്യടനം നടത്തിയിട്ടുള്ള ഐസക് ശാമുവേൽ (ബോബി ഇടപ്പാറ) മൂല്യമുള്ള പെന്തെക്കോസ്ത് വിശ്വാസസമൂഹത്തെ വാർത്തെടുക്കുവാനും ദുരുപദേശങ്ങളെ തിരിച്ചറിയുന്ന ആത്മീയബോധ്യമുള്ള വരാക്കി തീർക്കുവാനും വളരെ ഉത്സാഹത്തോട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

---

**ധ്യാനം**

# ദൈവം വേർപിരിച്ചതിനെ മനുഷ്യൻ യോജിപ്പിക്കരുത്



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

പ്രവീണനം ലാക്കാക്കി വേർപിരിഞ്ഞിരിക്കേണ്ടവ ചേർത്തു നിർത്തി അനുനയിപ്പിച്ചു കൊണ്ടുപോകുന്ന ഒരു നയം ദൈവീക സമക്ഷത്തുനിന്നു ഉണ്ടാകാറില്ല. നല്ലത് എന്ന് ദൈവം കണ്ട വെളിച്ചത്തെ പാഴും ശൂന്യവുമാക്കി നിഴൽമൂടി നിന്ന ഇരുളിൽ നിന്നും വേർപിരിച്ചു കൊണ്ട് മനുഷ്യചരിത്രത്തിലെ ആദ്യത്തെ വേർതിരിക്കൽ നടപടി ദൈവമാരംഭിച്ചു (ഉല്പത്തി1:4). ദൈവിക ദൃഷ്ടിയിൽ നല്ലതെന്ന് കാണുന്നതിനെ ഇരുളിൽ തുടരാൻ ദൈവമൊരിക്കലും ആഗ്രഹിക്കുന്നില്ല എന്ന് സാരം! ഇരുളിന് ഒരധികാരവും പ്രവർത്തിയും ഉണ്ട്. ദൈവമായി വേർതിരിച്ച വേർതിരിവുകളെ നിലനിർത്തി കൊണ്ടാകണം വെളിച്ചത്തിന്റെ മക്കളുടെ പരദേശപ്രയാണം. അവിടുന്ന് കൽപ്പിച്ചാക്കിയ അതിരുകൾ മറികടക്കാനുള്ള ശ്രമം. അവിഹിതമായതിനോട് കൂടിചേരാനുള്ള നമ്മുടെ ലോകമോഹത്തിന്റെ പ്രത്യക്ഷ ലക്ഷണമാണ്.

ദൈവം യോജിപ്പിച്ചതിനെ വേർപിരിക്കുകയും ദൈവം വേർപിരിച്ചതിനെ വീണ്ടും കൂട്ടി യോജിപ്പിക്കാനുമുള്ള നമ്മുടെ പരിശ്രമങ്ങൾ ആണ് ഈ കാലഘട്ടത്തിന്റെ ശാപം. അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്ക് നമ്മെ കൊണ്ടുവന്നിരിക്കെ വീണ്ടും അന്ധകാരാനുഭവങ്ങളിലേക്ക് മടങ്ങാൻ നാം വല്ലാതെ തിടുക്കം കാട്ടുന്നു. ദൈവം എന്തെങ്കിലും ഒക്കെ നമ്മിൽ നിന്നും വേർപിരിച്ചു അകറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ വ്യക്തമായ കാരണങ്ങൾ ഉണ്ടാകും. ആ വേർപിരിക്കലുകളെ ഗൗരവമായി നാം പരിഗണിക്കാതെ വരുമ്പോൾ ഇരുളിന്റെ സ്വാധീനങ്ങൾ നമ്മെ പിടിമുറുക്കും എന്നതിൽ തർക്കമില്ല. പിന്നെ അത് നമ്മെ വശീകരിക്കുന്നത് ഈ ലോകത്തിന്റെ മായച്ചന്തകളിലേക്കും അജ്ഞാനകാലത്തെ മോഹങ്ങളിലെക്കും ആയിരിക്കും.

ആടുമാടുകളുടെ പെരുപ്പം നിമിത്തം ഇടയന്മാർ തമ്മിൽ ഇടഞ്ഞപ്പോൾ ഉണ്ടായ അബ്രഹാം-ലോത്ത് വേർപിരിയൽ കേവലം സ്വാഭാവികമായി നമുക്ക് തോന്നാമെങ്കിലും അതങ്ങനെ സംഭവിക്കേണ്ടതായിരുന്നു. കാരണം രണ്ടു ലക്ഷ്യങ്ങൾ തമ്മിൽ യോജിപ്പിച്ചു പോകുക അസാധ്യമാണ്. അബ്രഹാമിന്റെയും ലോത്തിന്റെയും വീക്ഷണങ്ങൾ തമ്മിൽ യോജിച്ചു സമാന്തരങ്ങൾ ആയിരുന്നു. കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് ദൈവവിളി കേട്ടിറങ്ങിയ അബ്രഹാമിന്റെ നല്ല മനസ്സാക്ഷിയെ ചൂഷണം ചെയ്തു കൊണ്ട് സമ്പന്നനാകാനുള്ള ഉദ്ദേശത്തോടെ പിന്തുടരുന്ന ലോത്തിനെ കൂടെ കൂട്ടി ഒരു കനാൻ യാത്രയ്ക്ക് ദൈവത്തിനു താല്പര്യമില്ല. അക്കാരണം കൊണ്ട് തന്നെ യാത്രയുടെ പ്രാരംഭനാളുകളിൽ തന്നെ ഒരു വേർപിരിയൽ അനിവാര്യമായി വന്നു. ദൈവം ശില്പിയായി നിർമ്മിച്ച നഗരത്തിലേക്ക് അബ്രഹാം കൂടാരം മാറ്റി മാറ്റി അടിച്ചപ്പോൾ വെളിച്ചത്തിൽ സഞ്ചരിക്കുന്ന അബ്രഹാമിൽ നിന്നും വേർപിരിഞ്ഞ ലോത്ത് കൂടാരം മാറ്റി മാറ്റി അടിച്ച് ഒടുവിൽ എത്തിയത് സോദോമിൽ!! നീരോട്ടമുള്ളതു പലതും നഷ്ടമായാൽ കൂടെയും നിത്യതയുടെ ദർശനം തടയുന്ന സകല ലക്ഷ്യങ്ങളിൽ നിന്നും നാം വേർപിരിയണം.

ദൈവിക വെളിച്ചത്തിൽ ഗമിച്ച അബ്രഹാമിന്റെ സ്വന്തം ഭവനത്തിൽ ഒരു വേർപിരിക്കൽ അടിയന്തിരമായി നടപ്പാക്കേണ്ടിവന്നു. പക്ഷെ, ഒന്നിച്ചുള്ള വളർച്ച ഒടുവിൽ വിനയാകുന്ന നിലയിൽ എത്തിയപ്പോൾ ഇശ്മായേലിനെ യിസ്ഹാക്കിൽ നിന്നും വേർതിരിക്കാനുള്ള സാറായുടെ ആവശ്യപ്പെടൽ അബ്രഹാമിനെ അനിഷ്ടനാക്കി. എന്നാൽ അതിനെ തുടർന്നുണ്ടായ ദൈവിക ഇടപെടലിൽ യഹോവയുടെ നിർദ്ദേശം അനുസരിച്ച് ഒടുവിൽ അബ്രഹാം ഇശ്മായേലിനെ പുറത്താക്കി സാക്ഷാൽ സന്തതിയെയും ദാസിയുടെ മകനെയും വേർപിരിച്ചു (ഉല്പത്തി21:12,13). അബ്രഹാം അനുവദിച്ച യിശ്മായേൽ-ഇസ്സഹാക്ക് കൂടിചേരലുകളിൽ സംഭവിച്ചു കൊണ്ടിരുന്നത് കലഹമായിരുന്നു. ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചു കൊണ്ട് ജഡപ്രകാരം ജനിച്ചവൻ സ്ഥാപിച്ചെടുക്കാൻ ശ്രമിച്ച ആധിപത്യം അനധിവിദൂരഭാവിയിൽ സൃഷ്ടിക്കാനിടയുള്ള ദുരന്തങ്ങൾ മുൻകണ്ടുകൊണ്ടു ഇരുവരെയും വേർപിരിക്കാൻ എടുത്ത നിലപാട് അബ്രഹാമ്യ വാഗ്ദത്തങ്ങൾക്ക് കരുത്തേകി!!

മഹാദൈവം കൽപ്പിച്ചാക്കിയ സകല സീമകളെയും ലംഘിച്ച് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു കൊണ്ട് ഇന്നത്തെ ആത്മസമൂഹത്തിൽ നടത്തപ്പെടുന്ന കൂട്ടുകൃഷി സമ്പ്രദായങ്ങൾ വളരെ അപകടം നിറഞ്ഞതാണ്. ദൈവം വേർപിരിച്ചു അകറ്റി നിർത്തിയ പലതിനോടും സന്ധിചെയ്തു ബന്ധം സ്ഥാപിക്കാനുള്ള പരിശ്രമങ്ങൾക്ക് പിറകിൽ വെളിച്ചത്തിന്റെ മക്കളെ ഇരുട്ടിന്റെ പ്രവർത്തികളിൽ കുടുക്കി ജനമധ്യത്തിൽ അപഹാസ്യരാക്കാനുള്ള സാത്താന്യ പ്രവർത്തികളുടെ പിന്നാമ്പുറ തന്ത്രങ്ങൾ ആണ്. അശുദ്ധവും വിശുദ്ധവും തമ്മിൽ വേർപിരിക്കുന്ന വേർപാടിന്റെ തിരശീലകൾ കീറിക്കളഞ്ഞു കൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്ന ആത്മീക പരിഷ്കാരങ്ങൾ നമ്മെ നയിക്കുന്നത് നാശത്തിലേക്കാണ്. പവിത്രതയോടും ദൈവഭക്തിയോടും പരിജ്ഞാനത്തോടും ദൈവികദർശനം പ്രാപിച്ചിറങ്ങിയ നമ്മുടെ മുൻതലമുറ പരിശുദ്ധാത്മനിറവോടെ കൈകാര്യം ചെയ്തിരുന്ന ആത്മീക ശുശ്രൂഷകളിലും സുവിശേഷ വേദികളിലും ജഡപ്രകാരം ജനിച്ചവരുടെ കടന്നുകയറ്റങ്ങൾ നമുക്ക് മേൽ വ്യാപരിക്കുന്ന അശുഭതയുടെ ലക്ഷണമാണ്!! വിശുദ്ധമായതിനും സാമാന്യമായതിനും തമ്മിലുള്ള വ്യത്യാസം എന്റെ ജനത്തിനു ഉപദേശിച്ച്, മലിനമായതും നിർമ്മലമായതും അവരെ ബോധ്യപ്പെടുത്താൻ തിരഞ്ഞെടുത്താക്കിയ പുരോഹിതന്മാർ മലിനവും നിർമ്മലവും തമ്മിൽ കൂട്ടികുഴക്കുന്നു!!. ആദി മുതലേ ദൈവം വേർപിരിച്ച ഇരുളും വെളിച്ചവും ഒന്നിച്ചാക്കാനുള്ള ഈ തലമുറക്ക് നേരെ വിരൽ ചൂണ്ടി ധന്യനായ പൗലോസ് ചോദിക്കുന്നു "വെളിച്ചത്തിനു ഇരുളോടു എന്തൊരു കൂട്ടായ്മ?"

കാലികം

# ശിരസിലെ കൈവയ്പ് അനുഗ്രഹത്തിന് ആവശ്യമോ?



സജി നെടുങ്കണ്ടം
9495669391

ഭൗതിക ലോകത്തെ ഉയർച്ചയ്ക്ക് ദൈവാനുഗ്രഹം ഒരു പ്രധാനഘടകമാണ്. ജാതിമത ഭേദമെന്യേ അനുഗ്രഹം പ്രതീക്ഷിച്ച് കഴിയുന്നോരു സമൂഹം ലോകത്തിലുണ്ട്. പ്രതീക്ഷിച്ച ഉയർച്ച കിട്ടാതെ വരുമ്പോൾ ദൈവ പ്രീതിക്കായി പല വാതിൽ മുട്ടുക പതിവാണ്. നീറുന്ന ലോകത്തിന്റെ മുറിവിൽ മുറുപെണ്ണയായി നറുനെയ്യ് പുരട്ടാൻ ആചാര്യപുരുഷന്മാർക്കോ ആത്മീയ ഗുരുക്കന്മാർക്കോ കഴിയാതെ പോകുന്നു. തിരഞ്ഞെടുത്തവഴി ഏതോ അതിന് അനുസൃതമായിട്ടാണ് നിലനിൽക്കുന്ന അനുഗ്രഹത്തിന് നീളമേറുക. പാപവും ശാപവും ചുവടെ പിഴുതെറിയാൻ ലോകമതങ്ങൾക്ക് കഴിയുന്നില്ല. ചാറൂറ്റി ചണ്ടിതള്ളുന്ന ആൾ ദൈവങ്ങൾ ആധുനികലോകം അടക്കിവാഴുമ്പോൾ മനസ് ഉടഞ്ഞ മനുഷ്യൻ വിടുതൽ ഇല്ലാതെ ആലയങ്ങൾ വിട്ട് വീട്ടിലേയ്ക്ക് മടങ്ങുന്നു. ഒടുവിൽ വിധി എന്ന രണ്ട് അക്ഷരത്തിൽ വറുതികാലം കഴിക്കാൻ മനസാ ആശ്വാസം തേടുമ്പോൾ അവധികഴിഞ്ഞെത്തുന്ന സുഹൃത്ത് പോലെ അടുത്ത അത്യാഹിതം വാതിലിൽ മുട്ടിക്കഴിയും. ആധുനിക മനുഷ്യ സമൂഹത്തിന്റെ അങ്കലാപ്പ് അകറ്റാൻ ഏതാണ് വഴി. അനുഗ്രഹത്തിന്റെ കൈവയ്പ്പു തേടി ആധ്യാത്മിക ലോകം ഭൗതികലോകത്തിൽ ദൈവങ്ങളെ തേടുമ്പോൾ മാനവകുലത്തിന്റെ രക്ഷയ്ക്കായി പാരിൽ അവതരിപ്പിച്ച മശിഹയുടെ പാദത്തിൽ ഉറപ്പോടെ അടുക്കുക. ആ മുറിവേറ്റ കരം ആരെയെല്ലാം സ്പർശിച്ചോ അവരെല്ലാം സൗഖ്യമായി. ദൈവീകസ്പർശനത്തിനായി ദൈവത്തെ അന്വേഷിച്ച് പുറപ്പെടാൻ വരട്ടെ. വഴിത്തലയ്ക്കൽ നമ്മെ എതിരേറ്റു വരുന്ന യേശു മുറിവിൽ എണ്ണ പകരുക മാത്രമല്ല മരിച്ചവനെ ഉയർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വശക്തനായ ദൈവം യേശുവാണ്, അവന്റെ കൈവയ്പ് അനിവാര്യവും. ആത്മീയ ലോകം ദൈവമുഖ അന്വേഷണത്തിൽ നിന്ന് വ്യതി ചലിച്ച് ഉപഭോഗ സംസ്ക്കാരത്തിന് വഴി മാറുന്ന ഈ കാലഘട്ടത്തിൽ സത്യദൈവത്തെ വെളിപ്പെടുത്താൻ ക്രിസ്തു ഭക്തർക്ക് കഴിയണം. ദൈവപാദപീഠത്തിൽ സമർപ്പണം ചെയ്യാൻ അനുദിനജീവിതം ബലിയായി നൽകുക.

ആത്മീയ ലോകത്തിൽ അപകടങ്ങൾ പതിയിരിപ്പുണ്ട്. തിരിച്ചറിയാനുള്ള കൃപ വിശുദ്ധന്മാർക്ക് ഉണ്ടാകണം. കാലത്തിനൊത്ത് ചില മനുഷ്യനെ സാത്താൻ തന്റെ കൈയിലെ ആയുധമായി ഉപയോഗിക്കുന്നു. ദുരുപദേശത്തിന്റെ മൊത്തവും വ്യാപാരികളാണ് അവരെല്ലാം. കാലത്തിനൊത്ത് പുതുതന്ത്രം മെനയുന്ന സാത്താൻ പേരിനുപുറകിൽ ബ്രദർ എന്നുമാത്രം ചേർത്ത ചില ഉണർവ്വുകാരെ രംഗത്ത് ഇറക്കീട്ടുണ്ട്. വചനവിരുദ്ധ ശുശ്രൂഷകളാൽ ജനത്തെ ഇളക്കി ആഘോഷിക്കുമ്പോൾ സാത്താന്റെ പ്രവൃത്തി ഏറെ വിജയിക്കുന്നു. വചനവിരുദ്ധനിലപാടിൽ ഉറച്ചുനിന്ന് കേരളത്തെ കത്തിക്കുന്ന ഈ ബ്രദറുമാർ വെട്ടുക്കിളിയെപ്പോലെ കൂട്ടമായിട്ടാണ് സഞ്ചരിക്കുന്നത്. ഇവരിൽ പലരും ഒരിക്കൽ സത്യവചനം യഥാർത്ഥമായി പ്രസംഗിച്ച് നടന്നവരാണ്. എന്നാൽ സമൂഹത്തിൽ ഒരു വ്യത്യസ്ഥ ശുശ്രൂഷകനാകാനുള്ള ഓട്ടത്തിനിടയിൽ ഇവരിൽ പലരും വചനത്തിന് വെളിയിലൂടെ സഞ്ചരിച്ചു എന്നതാണ് സത്യം. ചില ബലഹീനരായ സഹോദരിമാർ ഇവരുടെ ശുശ്രൂഷകൾക്ക് എന്നും ഗുണകരമാകുന്നു. എന്തോ കേട്ടാലും കൈയ്യടിക്കുന്ന ഇവർ ബ്രദറുമാരുടെ ശുശ്രൂഷകൾക്ക് എന്നും ഗുണകരമാകുന്നു. എന്തോ കേട്ടാലും കൈയ്യടിക്കുന്ന ഇവർ ബ്രദറുമാരുടെ ശുശ്രൂഷയ്ക്ക് വീറ് വർദ്ധിപ്പിക്കുന്നു. ഇവരിൽ പലരും ദുർമ്മാർഗ്ഗികളും സ്വന്തം ഭാര്യയെ ഉപേക്ഷിച്ചവരുമാണ്. ഇവരുടെ ശുശ്രൂഷയിൽ എടുത്തു പറയേണ്ട പ്രത്യേകത ഇവർക്ക് വായിൽ തോന്നുന്നത് പ്രസംഗിക്കുന്നു എന്നതാണ്. ജനം അന്യഭാഷ പറയാനും ഉച്ചത്തിൽ കൈയടിക്കാനും പ്രസംഗകൻ തന്റെ ശിഷ്യനെ സ്റ്റേജിൽ കയറ്റി അവസ്മാര രോഗിയെപ്പോലെ ഉന്തി ഇടുന്നു. ഉരുണ്ട് മറിഞ്ഞ് അലറിക്കരഞ്ഞ് എന്തൊക്കെയോ കോഷ്ഠികാണിക്കുന്ന ഇവർ വീണിടത്ത് കിടന്ന് പ്രവചിക്കുന്നു. പിന്നെ സ്റ്റേജിൽ നിന്ന് തെറിച്ച് താഴെ വീണവൻ ഓടയിൽക്കിടന്ന് ആരാധിക്കുന്നു. പ്രാപിച്ചോ.....പ്രാപിച്ചോ.....പൊട്ടട്ടെ.... പൊട്ടട്ടെ....ഇങ്ങനെ നീളുന്നു അവരുടെ ശൈലി. ഇത് കേൾക്കുമ്പോൾ ബലഹീനർ ഉറഞ്ഞു തുള്ളുന്നു. ഇവരുടെ ശുശ്രൂഷയുടെ മറ്റൊരു പ്രത്യേകത ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങി ചെന്നുള്ളതാണ്. എല്ലാവരുടെയും തലയിൽ കൈവയ്ക്കുന്നു. സത്യത്തിൽ ഈ വിധ ശുശ്രൂഷകളെല്ലാം വചനവിരുദ്ധമാണ് എന്ന് പറയുന്നില്ല. എന്നാൽ ഇവരിൽ എല്ലാവരും ദുരുപദേശകരും ജീവിതവിശുദ്ധി ഇല്ലാത്തവരുമാണ് എന്ന് പറയുന്നില്ല. ദൈവവചനം വ്യാഖ്യാനിക്കുന്നതിൽ ഇവർ ഗുരുതര വീഴ്ച വരുത്തുന്നു. ഇങ്ങനെയുള്ളവരുടെ മുമ്പിൽ കൈവയ്പ്പിനായി തല നീട്ടുന്നവരുടെ ശ്രദ്ധക്ക് അവരിൽ ഉള്ള ദുരാത്മാവിന്റെ പകർച്ച നിങ്ങളിൽ പെരുകും. കൃപാവരം ആയിരിക്കുകയില്ല ജ്വലിക്കുന്നത്. അവരിലെ ദുരാത്മാവ് നിങ്ങളിൽ വാസം ചെയ്യും. 2 തിമൊത്തി: 1:6 ൽ പറയുന്നു, എന്റെ കൈ വയ്പ്പിനാൽ നിന്നിലുള്ള കൃപാവരം ജ്വലിക്കണം. തലനീട്ടിയാലുള്ള അപകടം തിരിച്ചറിയുക.

കൈവയ്പ്പ് നൽകി ഓഡോൺ പാസ്റ്ററാക്കി പ്രസ്ഥാനത്തിലെ സകല ശുശ്രൂഷ ചെയ്യുന്നവർക്കും ഈ തിരിച്ചറിവ് നല്ലതാണ്. കണ്ട നേതാക്കന്മാരെകൊണ്ടെല്ലാം ഓർഡിനേഷനുവേണ്ടിയും വിടുതലിനുവേണ്ടിയും തലയിൽ കൈവയ്പ്പിക്കരുത്. കാരണം അവരിൽ പലരും മറിഞ്ഞ് വീണവരും രഹസ്യപാപം ചെയ്യുന്നവരുമാണ്. അവരിലെ കൃപ നിങ്ങളിൽ ജ്വലിച്ചാൽ പിന്നെ നിങ്ങൾക്കുമാകാം "കോടീശ്വരൻ" വഞ്ചിക്കപ്പെടരുത് അപ്പൊസ്തല പ്രവർത്തി 13:3ൽ പറയുന്നത് 'അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ചു അവരെ പറഞ്ഞയച്ചു എന്നാണ്. കുറഞ്ഞപക്ഷം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു നേതാവണോ എന്നെങ്കിലും തിരക്കീട്ട് കൈവയ്പ്പിന് തലനീട്ടുക. ഭൂരിപക്ഷം നേതൃത്വവും വിശുദ്ധിക്കും വേർപാടിനുവേണ്ടിയും വിലകൊടുത്ത് നിലകൊള്ളുന്നവരാണ് എന്നും ഉറപ്പിച്ച് പറയട്ടെ ഇതുകൊണ്ടായിരിക്കാം നിങ്ങൾ വേഗത്തിൽ ആരുടെയുംമേൽ കൈവയ്ക്കരുത് എന്ന് തിരുവെഴുത്ത് പറഞ്ഞത്. സൂക്ഷിക്കുക....കൃപ പോകുന്ന കൈവയ്പിനായി ആരുടെയും മുമ്പിൽ തലനീട്ടരുത്...

# പ്രവർത്തനം ആരംഭിച്ചു

**കോന്നി:** ഉം അൽ കായിൻ ചർച്ച് ഓഫ് ഗോഡിന്റെ ചുമതലയിൽ കോന്നി കൊക്കാത്തോട് കേന്ദ്രമായി പുതിയ സഭാകൂടിവരവ് ആരംഭിച്ചു. കോന്നി ഡിസ്ട്രിക്ട് പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബിനു തോമസ്, പാസ്റ്റർ സണ്ണി ഫിലിപ്പ് തുടങ്ങിയവർ നേതൃത്വം നൽകി. പാസ്റ്റർ റെജി മാമ്മൻ ഇവിടെ ശുശ്രൂഷിക്കുന്നു.

ബോബി ഇടപ്പാറ സംഗീതവും രചനയും നിർവ്വഹിച്ച ഗാനങ്ങളുടെ ശേഖരം









ബോബി ഇടപ്പാറ
ഫോൺ: 9446286183

12

# കള്ളപ്രവാചകന്മാരുടെ മനുവിയൻ....

സൂപ്പർമാർക്കറ്റുകളായി സഭാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു. സുവിശേഷത്തെ വിപണിയ്ക്ക് പാകമായ തരത്തിൽ ബ്രാൻഡുകളാക്കി മാറ്റുകയാണ് ഇക്കൂട്ടർ ചെയ്തത്. റിയൽ എസ്റ്റേറ്റ്, ബ്ലേഡ്, ഈ-ബാങ്കിംഗ്, ഓൺലൈൻ ലോട്ടറി, ഗാബ്ലിംഗ്, വാഹന - വിവാഹ - നേഴ്സിംഗ് ബ്രോക്കർ, വിസാ കച്ചവടം തുടങ്ങിയ ആഗോളവത്ക്കരണ കാലത്തെ ചൂതാട്ട മൂലധനത്തിന്റെ ഇഷ്ട മേഖലകളിലൊക്കെ നേതാക്കന്മാരും പാസ്റ്റർമാരും വിഹരിക്കുന്നു. സംഭാവനകൾ എന്ന പേരിൽ സങ്കല്പിക്കാനാവാത്ത പണം വിദേശത്തുനിന്നും ഒഴുക്കി ലാഭം കൊയ്യുന്നു. മൂന്നുകോടിയുടെ വീടും, ഒന്നര ലക്ഷത്തിന്റെ ഫ്രിഡ്ജും വാങ്ങി ആഗോളീകരണത്തിന്റെ അർത്ഥ ശാസ്ത്രം തഴച്ചു വളരുന്നു. പൊയ്മുഖങ്ങൾ അഴിഞ്ഞു വീഴുന്ന പെന്തെക്കോസ്തിലെ സന്തോഷ് മാധവന്മാരും, ഹിമവൽ ദാദ്രാനന്ദനും സമനില തെറ്റി പെരുമാറുന്നു.

അതിരു കടന്ന സാമ്പത്തിക ഭ്രമമാണ് ക്രിമിനൽ സംസ്ക്കാരത്തിലേക്ക് പെന്തക്കോസ്തരെ നയിക്കുന്ന മറ്റൊരു കാരണം. ഏതു സമയവും സമ്പത്തിന്റെ പിന്നാലെ പായുന്ന ഇവർ ഫ്ളാറ്റുകളും എസ്റ്റേറ്റുകളും സ്വന്തമാക്കുന്നു. ഇത്തരക്കാർക്ക് സമ്പത്ത് വാരിക്കോരി നല്കുകയല്ലാതെ ദൈവത്തിന് മറ്റ് ജോലിയൊന്നും ഇല്ലെന്നു തോന്നും ഇവരുടെ പ്രസംഗം കേട്ടാൽ. സമ്പന്നതയുടെയും ധൂർത്തിന്റെ കുറ്റകരമായ പ്രകടനരംഗങ്ങളാണ് ഇവരുടെ സങ്കേതങ്ങൾ. മനുഷ്യന്റെ ആർത്തിയും അത്യാഗ്രഹങ്ങളും എന്തു തന്നെയായാലും അതെല്ലാം ദൈവം നിറവേറ്റി കൊടുക്കുമെന്ന് ഇവർ പഠിപ്പിക്കുന്നു. സ്വന്തം ആദർശ സാക്ഷാത്ക്കാരത്തിനുവേണ്ടി പീഡനങ്ങൾ ഏറ്റുവാങ്ങിയ ക്രിസ്തുവും പ്രവാചകന്മാരും അപ്പോസ്തലന്മാരും തെളിയിച്ച വഴിയിലൂടെയല്ല ഇന്നത്തെ പെന്തക്കോസ്ത് ആത്മീക സഞ്ചരിക്കുന്നത്.

ശ്രേഷ്ഠവും സാർവ്വത്രികവുമായ സന്ദേശം കാലേകൂട്ടി നൽകുന്നതാണ് പ്രവചനം. അസ്വസ്ഥമായ സമൂഹത്തെ കണ്ടുകൊണ്ട് ശബ്ദിക്കുന്നതാണ് പ്രവചനത്തിന്റെ സ്വഭാവം. മൂല്യാധിഷ്ഠിത സാമൂഹിക നിർമ്മിതിയാണ് പ്രവാചക ലക്ഷ്യം. ജനത്തെ നേർ വഴിയിലേക്ക് നയിക്കുക എന്നതായിരുന്നു പ്രവാചക ദൗത്യം. കിരാതമായ സാമൂഹിക സമ്പ്രദായങ്ങൾക്കെതിരെ ആമോസിനെപ്പോലെയുള്ളവർ ഗർജ്ജിച്ചു. ദൈവക്രോധത്തെ തടഞ്ഞുനിർത്തിക്കൊണ്ട് ജനത്തിന്റെ നടുവിൽ ഇടുവിൽ നിൽക്കുന്ന മദ്ധ്യസ്ഥനാണ് പ്രവാചകൻ. വ്യാജം ദർശിച്ചും കള്ളപ്രശ്നം പറഞ്ഞും ഇടിഞ്ഞുവീഴാറായ ചുവരുകൾക്ക് കുമ്മായം തേയ്ക്കുകയും മുറിവുകളിലെ ലഘുവായി ചികിത്സിക്കുകയും ചെയ്യുന്ന കള്ളപ്രവാചകന്മാർക്ക് വരുന്ന ന്യായവിധി ഭയങ്കരമാണ്. മാങ്ങാനം ജോസഫും വാരിയാപുരം യോഹന്നാനും പ്രവചനം സപര്യയാക്കിയ പെന്തെക്കോസ്തിന്റെ വേദികളിൽ മനുവിനെപ്പോലെയുള്ള ഭോഷ്കിന്റെ പ്രവാചകന്മാർ കത്തിവേഷം കെട്ടുകയാണ്. ഇക്കൂട്ടർക്ക് ഹല്ലേല്ലൂയ്യാ പാടുന്ന പത്രക്കാരുടെ പേജുകളിൽ മനുവിന്റെ അഭിമുഖം ഇനി പ്രതീക്ഷിക്കാം.

പണ സമ്പാദനത്തിനുവേണ്ടി ഒരു കൂട്ടം സാമൂഹിക വിരുദ്ധർ, പെന്തെക്കോസ്തിനെ മറയായി ഉപയോഗിക്കുന്നു. പെന്തെക്കോസ്തിന്റെ വക്താവായി ചമഞ്ഞ് ഇതിന്റെ മറവിൽ തട്ടിപ്പുകൾ നടത്തുന്നവരെ തിരിച്ചറിയണം. 'സ്വയം പ്രഖ്യാപിത' സ്വ'തന്ത്ര' പാസ്റ്റർമാരും മേൽവിലാസമില്ലാത്ത ഒരു കൂട്ടം ശുശ്രൂഷകന്മാരും സഭകളിൽ നിന്നും പുറത്താക്കപ്പെട്ടവരും പെന്തെക്കോസ്തിനെ ദുരുപയോഗം ചെയ്യുന്നു. ഇവർ പിടിയ്ക്കപ്പെടുമ്പോൾ പ്രതിസന്ധിയിലാവുന്നത് ഉന്നതമായ ദർശനങ്ങളും അപകടത്തിലാവുന്നത് മഹാപ്രസ്ഥാനങ്ങളുമാണ്.

മാനസാന്തപ്പെടാതെ പെന്തക്കോസ്തു സഭകളിലേക്ക് ഒളിച്ചു കടന്ന ഒരു കൂട്ടം വ്യാജ വിശ്വാസികൾ ഇതിനെ അപഹാസ്യമാക്കുകയാണ്. ജീവിത സന്ധാരണത്തിനുവേണ്ടി ആരോഗ്യകരമല്ലാത്ത കടുത്ത മത്സരം അവിഹിതമായ പണസമ്പാദനത്തിലേക്ക് ചിലരെയെങ്കിലും നയിക്കുന്നുണ്ട്. മാത്രമല്ല, വെറുക്കപ്പെട്ടവരും കളങ്കിതരുമായ തട്ടിപ്പു വീരന്മാരെ താരപരിവേഷം നല്കി സംരക്ഷിക്കുന്നതും പരിഗണന നല്കുന്നതും ക്രിമിനൽ പശ്ചാത്തലമുള്ള ബിസിനസ്സ് ഗ്രൂപ്പുകളെ നേതൃത്വത്തിൽ തിരികി കയറ്റുന്നതും ഇവർക്ക് യഥേഷ്ടം വിഹരിയ്ക്കാൻ സഹായിക്കുന്നു. ഈ കള്ളന്മാരെ ഒറ്റപ്പെടുത്തിയാൽ ഈ സംവിധാനം ശുദ്ധീകരിക്കപ്പെടും.

മൂപ്പന് വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിന്റെ അനുയായികൾ അപ്പോസ്തല വേഷം ധരിച്ച് രംഗത്തു വന്നു കൊണ്ട് വ്യവസ്ഥിതികളുടെ പിന്നണിയാളുകളായി. അവർ യേശുവിന്റെ രക്തത്തിന് നിരന്തരം വില പറഞ്ഞു കൊണ്ടിരുന്നു. ആ ശബ്ദത്തിന്റെ പിൻതുടർച്ചയാണ് ഇപ്പോൾ നമ്മൾ കേട്ടുകൊണ്ടിരുന്ന ക്രിമിനൽ കച്ചവട ആത്മീകതയുടെ വിജയ ഭേരികൾ. ക്രിമിനലുകളുടെ അട്ടഹാസങ്ങൾ. ഇവരെ വിലങ്ങു വച്ച് അഴികൾക്കുള്ളിൽ അടയ്ക്കുംവരെ പോരാടണം. ചോദ്യങ്ങൾ ചോദിക്കാനാണെന്നും ചൂണ്ടുവിരൽ ചുണ്ടാനാണെന്നും ബോധ്യമുള്ള തലമുറ രംഗത്തു വരണം. വിരൽ മടങ്ങിയവരും മുട്ടു വിറയ്ക്കുന്നവരും ധാർമ്മിക കരുത്ത് നഷ്ടപ്പെട്ടവരും കീഴടങ്ങട്ടെ. പക്ഷേ മനസ്സിൽ കനലെരിയുന്ന പോരാളിയ്ക്ക് പിന്മാറ്റമില്ല. മൂല്യങ്ങളുടെ പുന:സ്ഥാനപനം വരെ. അവിടെ ഷെറിനും രാജനും മനുവിനും സ്ഥാനമില്ല.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 12
BELIEVERS JOURNAL
PUBLISHED ON 25/06/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530
POSTAL REG. NO. KL/TLA/225/2015-17

## മാധ്യമവിചാരം

# കേരളശബ്ദം കളംനിറഞ്ഞ് നിൽക്കുമ്പോൾ



അനിൽ കൊടിത്തോട്ടം

കേരളശബ്ദം വാരിക രണ്ടു ലക്കങ്ങളായി ആത്മീയ ലോകത്തിലെ തട്ടിപ്പുരാജാക്കന്മാരുടെ ഗൂഢതന്ത്രങ്ങൾ വെളിച്ചത്തു കൊണ്ടുവരികയാണ്. സാജൻ മാത്യുവിന്റെ നിരീക്ഷണ ലേഖനത്തിന് പ്രതികരണമായി ജയ്മോഹൻ അതിരുങ്കലും യുക്തിവാദി സംഘം സംസ്ഥാനനേതാവ് രാജഗോപാൽ വാകത്താനവും ഉചിതമായി പ്രതികരിച്ചിരിക്കുന്നു. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ഡീൻ കുര്യാക്കോസും മറ്റും മറ്റുചില രാഷ്ട്രീയപ്രവർത്തകരും ആത്മീയരംഗത്തെ ഇത്തരം നെറികേടുകളെ ശ്രദ്ധിച്ചിട്ടുണ്ട്. താമസംവിന ഇത്തരക്കാരെ കുരുക്കാൻ നിയമം തയ്യാറാകുന്നു എന്നത് ആശ്വാസകരമാകുന്നു.

കേരളശബ്ദത്തിൽ പേര് വന്നതിൽ ചിലർക്ക് അഭിമാനം ആണെങ്കിൽ അല്പം നാണക്കേട് ഭവിച്ചവരും ഇല്ലാതെയില്ല. ചർച്ച് ഓഫ് ഗോഡ് പാസ്റ്റർ റെജി ശാസ്താംകോട്ട കുമ്പസാരിച്ചുകൊണ്ട് രംഗത്തുണ്ട്. ഫയർവിംഗ്സ് എന്ന പേരിൽ കള്ളപ്രവചനങ്ങളും മരിച്ചവരെ ഉയിർപ്പിച്ചു, രോഗികളെ സുഖപ്പെടുത്തി, അത്ഭുതം നടത്തി എന്നൊക്കെ പറഞ്ഞുപോകുന്ന ഒരു ദുരുപദേശ സംഘത്തിന്റെ സഹയാത്രികനായിരുന്നു റെജിയും. താരതമ്യേന മാന്യനെന്ന് തോന്നിയ റെജിയെ പിന്തിരിപ്പിക്കാൻ ഞങ്ങളൊക്കെ പരമാവധി ശ്രമിച്ചിരുന്നു. എന്നാൽ ഫയർവിംഗ്സിന്റെ ചാരത്തിൽ സുഖസുഷപ്തിപൂണ്ട റെജി ഉണരാൻ കാരണം കേരളശബ്ദമാണ്. തെറ്റേറ്റു പറഞ്ഞ റെജി കഴിഞ്ഞ ജനുവരി മുതൽ ഫയർവിംഗ്സുമായി ബന്ധമില്ല എന്ന് അറിയിക്കുക കൂടി ചെയ്തപ്പോൾ ഞങ്ങൾക്ക് റെജിയെ നിരീക്ഷിക്കേണ്ടി വരുന്നു. തല്ക്കാലം റെജിയുടെ വാക്കുകൾ വിശ്വസിച്ച് മാപ്പുസാക്ഷി പരിവേഷം നൽകി വിടുന്നു. ഒരു ശവസംസ്കാരവേളയിൽ ശവശരീരത്തിന്റെ ചുറ്റും നിന്ന് മരണത്തിൽ നിന്ന് ഉയിർപ്പിക്കാൻ വേണ്ടി 'കമോൺ ബ്രദർ.....' എന്ന് പ്രാർത്ഥിച്ച് അത്ഭുതം ചെയ്യാൻ ശ്രമിച്ചു പരാജയപ്പെട്ട ഫയർവിംഗ്സ് കോമാളിത്തരം സന്ദർഭവശാൽ ഓർത്തുപോകുന്നു. അതിൽ റെജിയില്ലായിരുന്നു എന്നത് നന്ന്. ഫയർവിംഗ്സിനോട് രഹസ്യബന്ധം പുലർത്തി പെന്തെക്കോസ്തിൽ തുടരാം എന്ന ദുരുദ്ദേശമൊന്നും റെജിക്ക് ഇല്ലാതിരിക്കട്ടേ എന്നാണ് പ്രാർത്ഥന.

ആനിക്കാടിനും അരിശം വന്നുപോയി. സാധാരണ മൃദുഭാഷിയും മിതവാദിയുമായി ലേഖനം ചമയ്ക്കുന്ന ആനിക്കാട് ജാലകത്തിലെ പതിവുകോളത്തിൽ മൂർച്ചയേറിയ പദങ്ങൾ കൊണ്ടാണ് തങ്കു ഗസറ്റിനെതിരെ കത്തിക്കയറുന്നത്. ന്യൂജനറേഷൻ കോമാളികൾക്ക് പാദസേവ ചെയ്യുന്നതിൽ പ്രാവിണ്യം തെളിയിച്ച ഗസറ്റ് എഡിറ്റർ തറവാട്ടിൽ നിന്ന് ഭക്ഷണം കഴിച്ചിട്ട് കാരണവരുടെ മുഖത്തടിക്കുന്ന മുടിയൻ പുത്രനാണെന്നോ എന്ന ആനിക്കാടൻ നിരീക്ഷണം ഗംഭീരം. ഐ. പി. സി. സ്റ്റേറ്റ് കൗൺസിലിൽ മുമ്പൊരിക്കൽ ഗസറ്റ് എഡിറ്റർ ഒരു ചോദ്യം എറിഞ്ഞിട്ടു ഐ. പി. സി. വിലക്കിയ പ്രസംഗകർ പറഞ്ഞ ദുരുപദേശം എന്താണാവോ? മറുപടി ആനിക്കാടു വക, അതൊക്കെ ഉപദേശം എന്തെന്ന് അറിയുന്നവർക്കേ മനസിലാകൂ. അജണ്ട വച്ച് ചർച്ച ചെയ്യാമെങ്കിൽ അത് തെളിയിക്കാമത്രേ. എന്തോ ഗസറ്റ് എഡിറ്റർ നിന്നുകൊടുത്തില്ല. ക്രൈസ്തവചിന്തയും ദുരുപദേശകരെ കടന്നാക്രമിക്കുന്നുണ്ട്.

ജേണൽ, ജാലകം, സ്വർഗ്ഗീയധ്വനി തുടങ്ങിയ പത്രങ്ങളൊക്കെത്തന്നെ കേരളശബ്ദം വാർത്തയെ അധികരിച്ചുള്ള വീക്ഷണങ്ങൾ തയ്യാറാക്കിയത് കാലോചിതമായി. കഴിഞ്ഞലക്കത്തിലെ മാധ്യമവിചാരത്തിൽ വ്യക്തിപര വിമർശനങ്ങൾ കൂടിപ്പോയി എന്നൊരു വിമർശനം പൊതുവായി ഉരുത്തിരിഞ്ഞിട്ടുണ്ട്. ദുരുപദേശ വിമർശകരെ ഗുണ്ടകളാക്കി അവതരിപ്പിച്ച ഹല്ലേല്ലുയ്യാ പത്രാധിപരെ എന്തുകൊണ്ട് അതിരുവിട്ടു വിമർശിച്ചു എന്നതായിരുന്നു പലരും തിരക്കിയത്. ന്യൂജനറേഷൻ ആത്മീകതയും സാമ്പത്തിക മോഹങ്ങളെയും കപടരോഗശാന്തിയെയും നടക്കാത്ത അത്ഭുതങ്ങളെയും തുറന്നുകാട്ടുന്ന എഴുത്തുകാരെ ഗുണ്ടകൾ എന്ന് ആക്ഷേപിക്കുക മാത്രമല്ല മറിച്ച് അത്തരക്കാരെ കൂലിയെഴുത്തുകാരെന്നും അരാജകവാദികളെന്നും പ്രസ്താവിക്കുമ്പോൾ ഏതു കുപ്പ ചികഞ്ഞാലും ഓട്ടിൻകഷണങ്ങൾ കിട്ടും എന്ന ഓർമ്മപ്പെടുത്തൽ മാത്രമാണ് ആ വിമർശനത്തിനാധാരം. മേലിൽ ആശയ യുദ്ധം മാത്രം നടത്താൻ ഇത്തരം കക്ഷികൾ തയ്യാറാകട്ടെ. വ്യക്തിവിരോധം ഞങ്ങളുടെ ലക്ഷ്യമല്ല പക്ഷെ ആത്മസംയമനം പാലിക്കാതെ എന്തും പറഞ്ഞു ജയിക്കാൻ വരുന്നവരെ വകവെച്ചുകൊടുക്കേണ്ട ബാധ്യതയും ഞങ്ങൾക്കില്ല.

പി. സി. ഐ. തെറ്റുതിരുത്തുന്നു എന്നതിൽ സന്തോഷമേയുള്ളൂ. എന്നാൽ അതിൽ ചില കുബുദ്ധികൾ മാധ്യമവിചാരകനെ പൂട്ടാൻ അണിയറയിൽ നടത്തുന്ന ശ്രമങ്ങളുടെ അരമന രഹസ്യം ഏതാണ്ടൊക്കെ ചോർന്നുകിട്ടി. ന്യൂജനറേഷൻകാരെ പെന്തെക്കോസ്തുമായി ഇണച്ചുവയ്ക്കാനുള്ള ശ്രമങ്ങൾക്ക് ഇടനില നിന്ന ചിലരുടെയൊക്കെ പേര് ഇതുവരെ പരാമർശിച്ചിരുന്നില്ല. അത് വ്യക്തിബന്ധം പരിഗണിച്ചാണ്. മറിച്ച് ആ പരിഗണന ഇല്ലാതെ മാധ്യമവിചാരകന്റെ വായ് മൂടികെട്ടാനാണ് ശ്രമിക്കുന്നതെങ്കിൽ അതൊന്നും വിലപോകില്ല. പി. സി. ഐ.യോട് ആദരവേ ഉള്ളൂ. വഴിതെറ്റിപ്പോകുമ്പോൾ ദുഃഖവും. പി. സി. ഐ. എന്നാൽ അതിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയല്ല മറിച്ച് അതിന്റെ അനുഭാവികളും അംഗങ്ങളുമാണ്. അവർ ഉയർത്തിയ ഏത് ചിന്താധാരയെയും പിന്തുണയ്ക്കുക മാത്രമാണ് മാധ്യമവിചാരകൻ ഇതുവരെ ചെയ്തത്. എന്നാൽ പെന്തെക്കോസ്തരെ ജാമ്യം നിർത്തി രാഷ്ട്രീയം കളിക്കാനുള്ള തത്പരകക്ഷികളുടെ നീക്കം ചെറുക്കുകയാണ് ഞങ്ങൾക്ക് മുമ്പിലുള്ള വഴി.

സദ്ദേശപരമായ വിമർശനങ്ങളെ ഗുണ്ടായിസം എന്ന പദം കൊണ്ട് വിവക്ഷിച്ച പത്രാധിപരുടെ ചില അനാരോഗ്യ മാധ്യമ

04

## കണ്ണാടി

# കള്ളപ്രവാചകന്മാരുടെ മനുവിയൻ മോഡൽ



ജെയ്സ് പാണ്ടനാട്

സമീപകാലത്തായി സെക്കുലർ വാർത്താ ചാനലുകളിലും വാരികകളിലും വാട്സ് ആപ്പിലുമെല്ലാം "പെന്തെക്കോസ്ത്" എന്ന മനോഹര പദത്തെ ചർച്ച ചെയ്യുന്നതും അവതരിപ്പിക്കുന്നതും അതിന്റെ ഗുണപരമായ മേന്മയും ധാർമ്മികതയും ഒന്നുമല്ല. പെന്തെക്കോസ്തിനെ പ്രതിനിധീകരിക്കുന്ന ഒരു കൂട്ടം സാമൂഹിക വിരുദ്ധരുടെ ക്രിമിനൽ നടപടികളും കള്ളപ്രവചനങ്ങളുമാണ്. "ഭൂമി തട്ടിപ്പ് സഭാ നേതാവ് മുഖ്യപ്രതി", "സ്ത്രീയുടെ മുഖത്ത് ആസിഡ് ഒഴിച്ച് കൊലപ്പെടുത്തിയ കേസിൽ പാസ്റ്റർ അറസ്റ്റിൽ", "അനാഥശാലയുടെ മറവിൽ ബാലപീഡനം നടത്തിയ പെന്തക്കോസ്തുകാരൻ അറസ്റ്റിൽ", "ജോലി തട്ടിപ്പ് പാസ്റ്ററും ഭാര്യയും ഒളിവിൽ", "ആസ്ട്രേലിയയിലേക്ക് മനുഷ്യക്കടത്ത് പെന്തക്കോസ്ത് സഹോദരന്മാർ അറസ്റ്റിൽ", "അമ്മായപ്പനെ കൊലപ്പെടുത്തിയ വിശ്വാസി മരുമകൾ അറസ്റ്റിൽ" ഇതെല്ലാം പണ്ട് ചാനലുകൾ ചർച്ച ചെയ്ത ക്രൈം സ്റ്റോറികളാണ്. ഇന്ന് ഫെയ്സ് ബുക്കിലും യൂടൂബിലും വൈറലാകുന്ന കള്ളപ്രവചനവും മനുവിന്റെ തെറിപ്പാട്ടും കേട്ട് പെന്തെക്കോസ്ത് പ്രബുദ്ധത തലകുനിക്കുകയാണ്. ഉന്നതമായ ധാർമ്മിക ചിന്തയും ജീവിത സംസ്കാരവും പുലർത്തുന്ന പെന്തെക്കോസ്തു ആദ്ധ്യാത്മികതയിൽ നിന്നും എന്തുകൊണ്ടാണ് ഇത്തരം ക്രിമിനലുകൾ ഉയർന്നുവരുന്നത്.



പ്രവചനശുശ്രൂഷ പ്രാർത്ഥന
എന്തിനീ ഭാരങ്ങൾ? പ്രാർഥിച്ച് ആലോചന പറയുന്നു. ഇന്നു തന്നെ വിളിക്കുക. 97442 45319. പാസ്റ്റർ മനു മത്തായി, സെഹിയോൻ പെന്തക്കോസ്ത് ചർച്ച്, കോട്ടയം.

പെന്തെക്കോസ്തു ജീവിതത്തിന്റെ മഹാകാശങ്ങളിൽ ഉന്നതമായ ചിന്തയും ഉദാത്തമായ കർമ്മവും കൊണ്ട് ഇടിമുഴക്കങ്ങൾ സൃഷ്ടിച്ച മഹാരഥന്മാരുടെ മാർഗ്ഗമാണിത്. എന്നാൽ ആത്മീയതയുടെ മഹാകാശങ്ങളിൽ നിന്നുള്ള ഇടിമുഴക്കങ്ങളല്ല, ആത്മീയ അധോലോകത്തു നിന്നുള്ള വെടിയൊച്ചകളാണ് ഇന്ന് ഇവിടെ ഏറെ ചർച്ച ചെയ്യപ്പെടുന്നത്. മിഥ്യാധാരണകളുടെ ലഹരിയിൽ അഭിരമിച്ചുകൊണ്ടിരുന്ന പെന്തെക്കോസ്തു സമൂഹം ഞെട്ടിയുണരാൻ ഈ വെടിയൊച്ചകൾ കാരണമായി എന്നത് നല്ല കാര്യം തന്നെ. ഞെട്ടിയുണർന്ന പെന്തെക്കോസ്തുകാരൻ കാണുന്നതോ "കാവി" എന്ന വിഖ്യാത നോവലിൽ വി.കെ. എന്നും അതിനുമുമ്പേ സഞ്ജയനും വിവരിച്ച ആത്മീയതയെ മറയാക്കിയ പരാന്നഭുക്കുകളുടെ വൻ പടയേയും.

ചാനലുകളും അന്വേഷണാത്മക പത്ര പ്രവർത്തകരും ഇച്ഛാ ശക്തി പ്രകടിപ്പിച്ച ഗവൺമെന്റും ഒന്നു പുകച്ചപ്പോൾ പെരുച്ചാഴികളെ പോലെ, ഓരോരുത്തരായി ആത്മീയ മാളങ്ങളിൽ നിന്ന് പുറത്ത് ചാടികൊണ്ടിരിക്കുന്നു. പെന്തക്കോസ്ത് മുഖ്യധാരാ പത്രങ്ങൾ ഏറെക്കാലമായി ഉന്നയിച്ചു വന്ന വിമർശനങ്ങളും നടത്തിവന്ന ആശയപ്രചരണങ്ങളും എത്രമാത്രം പ്രസക്തമാണ് എന്നും ജനങ്ങൾ ഇപ്പോൾ മനസിലാക്കുന്നുണ്ട്. ഈ തിരിച്ചറിവുകളുടെ പശ്ചാത്തലത്തിൽ കൂടുതൽ ആഴത്തിലുള്ള അന്വേഷണങ്ങളും ആശയപ്രചരണവും ആവശ്യമാണ്. ഇപ്പോൾ പുറത്ത് വന്നിട്ടുള്ളത് മഞ്ഞു മലകളുടെ അഗ്രം മാത്രമാണ് എന്നതാണ് നേര്.

നമ്മുടെ ഇടയിലെ ക്രിമിനൽ സംസ്ക്കാരത്തിന്റെ കാരണങ്ങൾ ഒന്ന് കച്ചവടവത്ക്കരിക്കപ്പെട്ട ആത്മീകതയാണ്. ഇവിടെ പടർന്നു പന്തലിച്ചു കഴിഞ്ഞ കോർപ്പറേറ്റ് ആത്മീകതയുടെയും അതിന്റെ പിന്നാമ്പുറങ്ങളിൽ വളരുന്ന ആത്മീക അധോലോകത്തിന്റെയും നിഗൂഢതകളുടെ നിലവറകൾ ഇനിയും തുറക്കാനിരിക്കുന്നതേയുള്ളൂ. ഈ കോർപ്പറേറ്റ് ആത്മീകതയും അത് പോറ്റി വളർത്തുന്ന അധോലോകത്തിനും എതിരെ ആദ്യം വിരൽ ചൂണ്ടിയത് മുഖ്യാധാരാ പെന്തെക്കോസ്തു പത്രങ്ങളും കാനം അച്ചനെപ്പോലുള്ള ചുരുക്കം ചിലരും മാത്രമായിരുന്നു. ആത്മീകാചാര്യന്മാരായി കൊട്ടിഘോഷിക്കപ്പെട്ട പെന്തെക്കോസ്തിലെ ആൾദൈവങ്ങളുടെയും അവരുടെ അനുയായികളുടെയും നിലവാരം തുറന്നു കാണിച്ചു. വില കുറഞ്ഞ ജല്പനങ്ങളും ആക്രോശങ്ങളും കൊണ്ടാണ് ആത്മീകനപുംസകങ്ങൾ വിമർശനങ്ങളെ നേരിട്ടത്.

മൂന്നാം കിട രാഷ്ട്രീയ കക്ഷികളെയും, ഗുണ്ടത്തലവന്മാരും അനുസ്മരിപ്പിക്കുന്ന കച്ചവട വക്താക്കൾക്ക് ആത്മീയ ചൈതന്യത്തിന്റെ വിദുരസ്പർശം പോലും ഉണ്ടായിരുന്നില്ല. വിപണിയിൽ തിരിച്ചടി നേരിടുമ്പോൾ മുതലാളിമാർക്കുണ്ടാകുന്ന പരിഭ്രാന്തി മാത്രമാണ് കോർപ്പറേറ്റ് ആത്മീകതയുടെ പുത്തൻ മുതലാളിമാർക്കുണ്ടാവുന്നത്. കച്ചവട ആത്മീകതയ്ക്ക് വളരാനുള്ള വസ്തുനിഷ്ഠ സാഹര്യങ്ങൾ സൃഷ്ടിച്ചത് ഇന്നത്തെ കമ്പോളവത്ക്കരിക്കപ്പെട്ട സാമൂഹിക സാഹചര്യമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള മൗലികമായ ബന്ധത്തെ 'രൊക്കം പൈസയുടെ ബന്ധമാക്കി' അധ:പതിപ്പിച്ചതിന്റെ ദുരന്തമാണ് ഇന്നത്തെ ആത്മീക വ്യാപാരം. കുമിഞ്ഞു കൂടിയ മൂലധനം ലാഭം തേടി ജീവിതങ്ങൾ എല്ലാ മണ്ഡലങ്ങളിലേക്കും ഒഴുകുകയാണിന്ന്. വിശ്വാസത്തിന്റെ മണ്ഡലങ്ങളെ അത് ലാഭക്കച്ചവടത്തിന്റെ മേച്ചിൽപ്പുറമാക്കി മാറ്റുന്നു. ആത്മീക വിപണിയിലെ ഉപഭോക്താക്കൾ ഏറിയതോടെ പെന്തെക്കോസ്തിലെ ആൾ ദൈവങ്ങൾ സർവ്വശക്തനായ യഥാർത്ഥ ദൈവത്തെ പിന്തള്ളി പ്രബലരായി മാറി. മൊത്തമായും ചില്ലറയായും സുവിശേഷത്തെ വിറ്റഴിക്കുന്ന

11

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.